കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തെക്കുംകര ഗ്രാമപഞ്ചായത്ത്
# 2018-19
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ
dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)711/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680020
ഫോൺ-0487 2331249
dotsr.ksad@kerala.gov.in
തീയതി 04-08-2020

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തെക്കുംകര ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : തെക്കുംകര ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ.(പി5)711/2020 തിയതി. 04-08-2020

**തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്തിലെ 01.04.2018 മുതൽ 31.12.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.18 മുതൽ 31.03.19 വരെയുള്ള കാലയളവിലെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 32 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് എൻക്വയറികളിലൂടെ സ്ഥാപനത്തെ അറിയിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.മേരി ഹണി ജോസഫ്<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 06.07.2020 മുതൽ 15.07.2020 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | റീന ജോസഫ്<br>ഓഡിറ്റ് ഓഫീസർ |
| | സുധ.ഇ.എൻ<br>(അസി. ഓഡിറ്റ് ഓഫീസർ) |
| | സുനിൽ.പി.ബി<br>(അസി. ഓഡിറ്റ് ഓഫീസർ) |
| | ജീജോ ജോബ് (ഓഡിറ്റർ) |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ശ്രീജ.എം.കെ | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ഉഷ.സി | 01.04.2018 മുതൽ 30.04.2018 വരെ |
| | ജി.രാജേഷ് (സെക്രട്ടറി ഇൻ ചാർജ്ജ്) | 01.05.2018 മുതൽ 05.06.2018 വരെ |
| | ടി.പി.സിന്ധു (സെക്രട്ടറി ഇൻചാർജ്ജ്) | 06.06.2018 മുതൽ |

| | | |
|---|---|---|
| | | 24.06.2018 വരെ |
| | അംബിക.എം.എസ് | 25.06.2018 മുതൽ 19.07.2018 വരെ |
| | ടി.പി.സിന്ധു (സെക്രട്ടറി ഇൻചാർജ്ജ്) | 20.07.2018 മുതൽ 29.07.2018 വരെ |
| | അംബിക.എം.എസ് | 30.07.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ടി.പി.സിന്ധു | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | സുജിത്ത്.പി.ജി | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രദീപ്.വി.എം | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | ഡോ.സുനിൽകുമാർ.കെ.ആർ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽഓഫീസർ, ആയുർവേദം | ഡോ. ജോസഫ് ഇട്ടീര | 01.04.2018 മുതൽ 31.12.2018 വരെ |
| | ഡോ.ഫ്രാങ്കോ ജയിംസ് | 01.01.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. ബിന്ദു | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ (മച്ചാട് സർക്കിൾ) | ഷൈൻ.എം.ഡി | 01.04.2018 മുതൽ 15.04.2018 വരെ |
| | ജസ്റ്റിൻ | 16.04.2018 മുതൽ 25.07.2018 വരെ |
| | ഷൈൻ.എം.ഡി | 26.07.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ.(തെക്കുംകര സർക്കിൾ) | എലിസബത്ത് ലിസി.ടി | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ. (കല്ലംപാറ സർക്കിൾ) | ഷൈൻ.എം.ഡി | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | സിനി.കെ.എസ് | 01.04.2018 മുതൽ 09.10.2018 വരെ |
| | ശോഭന.എം.കെ | 10.10.2018 മുതൽ 31.03.2019 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കാക്കിനിക്കാട് | ബിന്ദു.എം.എൻ. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ഡിറ്റോദാസ് | 01.04.2018 മുതൽ 25.06.2018 വരെ |
| | അഞ്ജു | 26.06.2018 മുതൽ 30.08.2018 വരെ |
| | ഷാലു.ആർ.എഫ് | 31.08.2018 മുതൽ 22.10.2018 വരെ |
| | നിഷ ആന്റണി | 23.10.2018 മുതൽ 25.01.2019 വരെ |
| | സുരഭി | 26.01.2019 മുതൽ 31.01.2019 വരെ |
| | നിഖിൽ രാജ് | 01.02.2019 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ (1.4.2018 മുതൽ | മഞ്ജു | 26.12.2018 മുതൽ 31.03.2019 വരെ |

| | | |
|---|---|---|
| 25.12.18 വരെ ഇൻസ്ട്രക്ടർ ഉണ്ടായിരുന്നില്ല) | | |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിലെ അപാകതകൾ | 1-12 |
| 13 | തൊഴിൽ നികുതി- അപാകതകൾ | 1-13 |
| 14 | റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-14 |
| 15 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ് | 1-15 |
| 16 | ആംബുലൻസ് പരിപാലനത്തിലെ അപാകതകൾ | 1-16 |
| 17 | കളക്ഷൻ ചാർജ്ജ് ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ് | 1-17 |
| 18 | ശമ്പള പരിഷ്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 1-18 |
| 19 | സ്ഥാപന സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ ടെർമിനൽ ലീവ് സറണ്ടർ ബിൽ - സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കേണ്ടതാണ് | 1-19 |
| 20 | ലീഗൽ ചാർജ്ജസ്- അഡ്വക്കേറ്റ് ഫീസിൽ നിന്നും ആദായനികുതി കുറവ് ചെയ്തില്ല | 1-20 |
| 21 | പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ സംബന്ധിച്ച് | 1-21 |
| 22 | വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ് | 1-22 |
| 23 | പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല | 1-23 |
| 24 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവുരേഖകൾ ഹാജരാക്കിയില്ല | 1-24 |
| 25 | ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് എൽ.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിലെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-25 |
| 26 | ലൈഫ് പദ്ധതി- പണി പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - പ്രോജക്ടിനായി ശുചിത്വ മിഷൻ നല്കിയ ഫണ്ട് വിനിയോഗിച്ചു | 1-26 |
| 27 | പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ് | 1-27 |

| | | |
|---|---|---|
| 28 | പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ | 1-28 |
| 29 | സ്പിൽ ഓവർ പ്രോജക്ടുകൾ - മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല | 1-29 |
| 30 | ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല | 1-30 |
| 31 | തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകിയത് | 1-31 |
| 32 | 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു | 1-32 |
| 33 | കെട്ടിടനിർമ്മാണ പ്രോജക്ടുകൾ - മാർഗ്ഗരേഖ പാലിക്കുന്നത് സംബന്ധിച്ച് | 1-33 |
| 34 | ഡിമാന്റ് ഡ്രാഫ്റ്റുകൾ അതാത് പ്രൊജക്ട് ഫയലിൽത്തന്നെ സൂക്ഷിക്കുന്നു | 1-34 |
| 35 | വിവിധ കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചിട്ടില്ല | 1-35 |
| | ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| 36 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 37 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 38 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 39 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 40 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 41 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 42 | ഓഡിറ്റ് റിക്കവറി | 4-7 |
| 43 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 44 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടിന്റെ വിവരം | 4-11 |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |
| 48 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം 2 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

26-03-2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 15.02.2019 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് 27,17,27,747.80

രൂപയും ചെലവ് 26,76,83,720 രൂപയും ആയിരുന്നു. എന്നാൽ യഥാർത്ഥ വരവ് 9.44 കോടിയും ചെലവ് 8.75 കോടിയും ആണ്. ബജറ്റും യഥാർത്ഥ വരവ് ചെലവും തമ്മിൽ വലിയ വ്യത്യാസം കാണുന്നു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2019 | 21.06.19 |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 51,00,386.45 |
| വരവ് | 9,44,39,834 |
| ആകെ | 995,40,220.45 |
| ചെലവ് | 8,74,75,366 |
| നീക്കിയിരിപ്പ് | 1,20,64,854.45 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ വരവ് | ആകെ | ചെലവ് | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 20333503 | 20333503 | 19090384 | 1243119 | 93.89% |
| വികസനഫണ്ട് എസ്.സി.പി. | 7953000 | 7953000 | 5733327 | 2219673 | 72.09% |
| വികസനഫണ്ട് ടി.എസ്.പി. | 193000 | 193000 | 193000 | 0 | - |
| സംരക്ഷണ ഗ്രാന്റ് റോഡ് | 18588000 | 18588000 | 12340693 | 6247307 | 66.39% |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 4167000 | 4167000 | 2722235 | 1444765 | 65.32% |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 11571793 | 11571793 | 9440000 | 2131793 | 81.58% |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 284 | 152466846 | 201 | 69116015 | 68 | 15 | 71% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3082 | 788831 | 791913 | 791860 | 53 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 40412000 | 40412000 | 40412000 | 0 |
| Material cost | 0 | 15577825 | 15577825 | 15577825 | 0 |

കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. ഇക്കാര്യം ധനകാര്യപത്രിക ഓഡിറ്റ് സാക്ഷ്യപത്രത്തിൽ അപാകത നം.12 ആയി ചേർത്തിട്ടുണ്ട്.

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 147840 | 156 |
| കർഷകതൊഴിലാളി പെൻഷൻ | 10595000 | 2528 |
| വിധവാപെൻഷൻ | 17314500 | 4030 |
| വാർദ്ധക്യകാലപെൻഷൻ | 23152800 | 5433 |
| വികലാംഗപെൻഷൻ | 5171900 | 1208 |
| അവിവാഹിത പെൻഷൻ | 2509000 | 584 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 630000 | 21 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.07.2020 ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3,993/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തര നിയന്ത്രണം

I. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം – മാർഗ്ഗരേഖ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി ആസൂത്രണ പ്രക്രിയ ആരംഭിക്കുന്നതിന് മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമെങ്കിൽ പുന:സംഘടിപ്പിക്കുകയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ മേൽ നോട്ടത്തിൽ പ്രവർത്തിക്കുകയും ചെയ്യണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 10 മുതൽ 15 വരെ അംഗങ്ങൾ അതാത് വികസനമേഖലയിലെ വിദഗ്ധരുൾപ്പെടെ ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഉണ്ടാകേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ക്വാറം ആകെ അംഗങ്ങളുടെ മൂന്നിൽ ഒന്നായിരിക്കണമെന്നും വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ കൺവീനറുടെ ഹാജർ നിർബന്ധമാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. വികസനമേഖലയുമായി ബന്ധപ്പെട്ട് പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വിഷയമേഖലയുമായി ബന്ധപ്പെട്ട് സ്ഥിതിവിവരകണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക, വാർഡ് സഭായോഗങ്ങൾ, വികസനസെമിനാർ എന്നിവിടങ്ങളിലെ ചർച്ചകൾക്ക് അക്കാഡമിക് സഹായവും നേതൃത്വവും നൽകുക എന്നിവയെല്ലാം വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലകളിൽപ്പെടുന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുകയും കഴിഞ്ഞ 20 വർഷത്തെ അനുഭവങ്ങളെ സംബന്ധിച്ച് വ്യക്തമായ ധാരണകളോടെ പ്രോജക്ട് തയ്യാറാക്കുകയും കരട് പദ്ധതിരേഖയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പദ്ധതി രേഖ തയ്യാറാക്കുകയും വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയിൽപ്പെടുന്നു. പ്രോജക്ട് നടപ്പാക്കിയതിനു ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് യോഗം വിളിച്ചുചേർക്കൽ, മിനുട്ട്സ് രേഖപ്പെടുത്തൽ, മിനുട്ട്സ് ബുക്ക് സൂക്ഷിക്കൽ, രേഖകൾ കൃത്യമായി സൂക്ഷിക്കുകയും കൈമാറുകയും ഉൾപ്പെടെയുള്ളവ വർക്കിംഗ് ഗ്രൂപ്പ് കൺവീനറുടെ ചുമതലയാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ മിനുട്ട്സ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ/വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1) ക്വാറം തികയാതെയാണ് പല യോഗങ്ങളും ചേർന്നിട്ടുള്ളത്. ഉദാ.സാമൂഹ്യക്ഷേമം ഒന്നാമത്തെയും രണ്ടാമത്തേയും യോഗം

2) പല വർക്കിംഗ് ഗ്രൂപ്പ് മിനട്ട്സുകളിലും തീരുമാനങ്ങൾ രേഖപ്പെടുത്തി കൺവീനർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഉദാ. പൊതുമരാമത്ത്, മൃഗ സംരക്ഷണം ഒന്നാമത്തെയും രണ്ടാമത്തെയും യോഗങ്ങൾ

3) മിക്ക വർക്കിംഗ് ഗ്രൂപ്പുകളിലും കാര്യക്ഷമമായി ചർച്ച നടക്കുകയോ ക്രിയാത്മകമായ നിർദ്ദേശങ്ങൾ ഉരുത്തിരിഞ്ഞുവരികയോ ചെയ്യുന്നില്ല. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കുന്ന രേഖകളിൽ പ്രതിപാദിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്ന രീതിയിൽ വേണം പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്.

4) കൺവീനർമാർ എല്ലാ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലും പങ്കെടുക്കുന്നില്ല.

5) വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറ്ററിംഗ് കമ്മിറ്റി റിപ്പോർട്ടുകൾ പ്രോജക്ട് ഫയലിനോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കുകയും ചെയ്തിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും ഓഡിറ്റിന് മറുപടി നൽകേണ്ടതുമാണ്.

II. ഫണ്ട് വിനിയോഗം –

2018-19 വർഷത്തിൽ റോഡിതര സംരക്ഷണഗ്രാന്റ് 65 ശതമാനവും റോഡ് സംരക്ഷണഗ്രാന്റ് 66 ശതമാനവും പട്ടികജാതി വികസന ഫണ്ട് 72 ശതമാനവും മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ലഭ്യമായ ഫണ്ട് സമയബന്ധിതമായി ചെലവഴിക്കുന്നതിന് പഞ്ചായത്ത് കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്. (ഖണ്ഡിക 1-4 കാണുക).

# 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.11.2019 | 2019 സെപ്റ്റംബർ | 06.12.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05.10.2016 മുതൽ 22.10.2016 വരെ | 2011-12 മുതൽ 2015-2016 വരെ | 13.02.2017 |

# 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾ, കണ്ടിജന്റ് ബാദ്ധ്യതകൾ, ധനസഹായ റിപ്പോർട്ടുകൾ, മറ്റ് വെളിപ്പെടുത്തലുകൾ തുടങ്ങിയവ ഉൾപ്പെടുന്ന "അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ" വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (ഇ)).

2. വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്))

3. വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "സാംഖ്യ"യിൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "സാംഖ്യ" സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "സാംഖ്യ" സോഫ്റ്റ്‌വെയർ -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

3.1തൻവർഷം

3.1.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 1933310 | 1893731 | 84521 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 1933310 | 1893731 | 178967 | *0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410101-Advance collection-PT on Res. bldg-ന്റെ ലെഡ്ജർ) | * (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.1.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 711497 | 680035 | 35980 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 711497 | 668766 | 35397 | *0 |
| | (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | ( 350410104-Advance collection-PT on NR bldg-ന്റെ ലെഡ്ജർ) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>3.2കുടിശ്ശിക</u>

3.2.1റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 446103 | 458070 | 0 |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 668338 | 458070 | *0 |
| | *(2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (264703+437052= 701755/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | * (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3.2.2നോൺ-റെസിഡൻഷ്യൽ

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 95947 | 95549 | 0 |
| | | | |

| | | | |
|---|---|---|---|
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | 151054 | 70817 | 0 |
| | (2017-18 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)<br>*(65506+93101= 158607/105*100) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-43) | (ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15) |

<u>3.3ലൈബ്രറി സെസ്സ് (തൻവർഷം +കുടിശ്ശിക)</u>

| | | ഡിമാന്റ് | | | കളക്ഷൻ | | | മുൻകൂർ ക്രമീ കരിച്ചത് | ഡിമാന്റ് കുറവ് ചെയ്തത് | ബാക്കി | | |
|---|---|---|---|---|---|---|---|---|---|---|---|---|
| | | തൻ വർഷം | കുടി ശ്ശിക | ആകെ | തൻ വർഷം | കുടി ശ്ശിക | ആകെ | | | തൻ വർഷം | കുടി ശ്ശിക | ആകെ |
| "സഞ്ചയ" സോഫ്റ്റ് വെയർ പ്രകാരം | റെസി ഡൻഷ്യൽ | 99290 | 23712 | 123002 | 96563 | 23377 | 119940 | 4648 | | 0 | 0 | 0 |
| | നോൺ- റെസി ഡൻഷ്യൽ | 35964 | 5056 | 41020 | 34298 | 4874 | 39172 | 1855 | | 0 | 0 | 0 |
| | ആകെ | | | 164022 | | | 159112 | 6503 | | | | |
| വാർഷിക കണക്കിലെ വിവിധ പത്രികകൾ പ്രകാരം | | 42839 | | | 156059 | | | | 42839 | 0 | | |
| | | 42839+0(2018-19 ൽ ഡിമാന്റ് രേഖപ്പെടുത്തിയിട്ടില്ല) =42839 (2017-18ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ, ബി-15,431910101 -State govt . Cess/levies...... ലെഡ്ജർ 2018-19) | | | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-36(വരവ്)) | | | | (431910101 - State govt. Cess/levies...... ലെഡ്ജർ 2018-19) | (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) | | |

3.4."സഞ്ചയ" സോഫ്റ്റ്വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സോഫ്റ്റ്വെയറിൽ കണക്കാക്കപ്പെടുന്നില്ല. (ഉദാ:3.1.1, 3.1.2, 3.2.1, 3.2.2, 3.3 എന്നി ഖണ്ഡികയിലെ പട്ടികകൾ).

3.5 ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 “Other liabilities” എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2019 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ"സോഫ്റ്റ്വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്ര.ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance | 251840 | 624785 |

| | | | |
|---|---|---|---|
| | collection of revenues - Property tax on Residential building | | |
| 2 | 350410101-Advance collection of revenues - Property tax on Non-Residential building | 3935 | 45630 |

3.6 1/4/2018 ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2018-19 ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. 2018-19 വർഷത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിൽ 223 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2018-19 ലെ "110100101-Property tax on residential buiding"എന്ന ശീർഷകത്തിലേയും "110100103-Property tax on non residential buiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2018-19 സാമ്പത്തിക വർഷത്തെ ഡിമാന്റ് 03/12/2018 ൽ ഒറ്റത്തവണയായി മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ് വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ്.

3.7തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 1,56,059 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 1,59,112 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State govt cesses/levies in Property tax control account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 42,839 രൂപയാണ്. (വൗച്ചർ നം.41800320,41800330 തീ 01-04-19 (9703+2497=12200), വൗച്ചർ നം.41800324,41800325 തീയതി 31-03-19(11745+18894))(പട്ടിക 3.3 കാണുക )

3.8 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2018 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2018-19 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ആയതിന് വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്ര. ന | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/18 ൽ | 2018-19ലെ ലെഡ്ജർ പ്രകാരം തൻവർഷം |
|---|---|---|---|

| | | ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101-Advance collection of revenues – Property tax on Non-Residential building | 0 | 35397 |

3.9.തൻവർഷത്തെ വസ്തു നികുതി അഡ്വാൻസ് ലെഡ്ജർ അക്കൗണ്ട് പരിശോധിച്ചതിൽ "Prior period items" എന്ന നോമിനൽ അക്കൗണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിച്ചതായി കാണുന്നു. ഇപ്രകാരം ജേണൽ വൗച്ചർ മുഖേന വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക് ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ഇപ്രകാരം വർദ്ധനവ് വരുത്തിയ വൗച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

3.9.1 റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 1 | 41800317 | 01-04-2018 | 2,34,802 |

3.9.2 നോൺ-റെസിഡൻഷ്യൽ

| ക്രമ. നം. | ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|---|
| 2 | 41800329 | 01-04-2018 | 35,397 |

4. ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ മിക്കവയും ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

4.1 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

4.2 തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

4.3ഡി.&ഒ ഡിമാന്റ് രജിസ്റ്റർ

4.4വാടക ഡിമാന്റ് രജിസ്റ്റർ

4.7 പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

4.8 ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

4.9 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

5. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ. നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2019 ലെ മുൻകൂർ തുക |
|---|---|---|---|
| 1 | തൊഴിൽ | 350410102-Advance collection of | 126760 |

| | | | |
|---|---|---|---|
| | നികുതി | revenues-Profession tax<br>/inst/trad/prof | |

6.ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്(ഐ-18) പ്രകാരം "280000000-Prior Period item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-18) | 31/3/2019ലെ ലെഡ്ജർ ബാക്കി |
|---|---|
| 280100101-Prior period income -Property tax on residential buildings | 317,651.00 |
| 280100104-Prior period income-Property tax on non residential buildings | 113,065.00 |
| 280100102-Prior Period Income - Profession Tax - Institutions/ Professionals/ Traders | (9,240.00) |
| 280200401-Prior period income-Other income | (15,450.00) |
| 280800601-Prior Period - Revenue Grants & Contributions | (20,000.00) |
| 280800501-Prior period- Programme expenses | (960,000.00) |

7. കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7)ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

8.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

9.വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2018-19 കാലയളവിലെ "Net increase in cash and cash equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 69,64,468രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2018-19 കാലയളവിൽ "Net cash generated by Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 93,81,966രൂപയാണ്.

അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

10. 2018-19 വർഷത്തെ Income and expenditureപത്രിക പ്രകാരം 58,89,368 രൂപ ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടുണ്ട്. എന്നാൽ മേൽ തുക കണക്കാക്കിയതിന്റെ വർക് ഷീറ്റ് പ്രകാരം ബാലൻസ്ഷീറ്റിൽ ഉൾപ്പെടുന്ന താഴെ ചേർത്തിരിക്കുന്ന ആസ്തികളുടെ 31/03/19 ലെ മൂല്യത്തിനനുസൃതമായി ഡിപ്രിയിസേഷൻ കണക്കാക്കിയിട്ടില്ല.

| ക്രം.ന | ആസ്തി -ശീർഷകം | 31/3/2019 ലെ മൂല്യം (ബാലൻസ് ഷീറ്റ്-B-11) | ഡിപ്രിസിയേഷൻ കണക്കാക്കുന്നതിനായി പരിഗണിച്ച മൂല്യം (Depreciation Calculation Sheet) |
|---|---|---|---|
| 1 | Roads - Cement Concrete -410300101 | 2,16,42,026.00 | 79,42,026.00 |
| 2 | Roads - Tarred -410300102 | 2,19,79,145.00 | 88,79,145.00 |
| 3 | Roads - Metal-410300103 | 61,68,572.00 | 41,68,572.00 |

11. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B12 പ്രകാരം 10,000രൂപയുടെ നിക്ഷേപം കാണുന്നു. ഓഡിറ്റിന് ലഭ്യമാക്കിയ 2001-02 വർഷത്തെ ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ പ്രകാരം തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽ എന്ന സ്ഥാപനത്തിന്റെ ഓഹരിയിൽ 10,000 രൂപയുടെ നിക്ഷേപമുണ്ട്. എന്നാൽ ഇൻവെസ്റ്റ്മെന്റുകൾ ഭൌതിക പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.ആയതിനാൽ അവയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

12.തൊഴിലുറപ്പ്പദ്ധതിയുടെ കാഷ്ബുക്ക് പ്രകാരമുള്ള വരവ് ചെലവുകളും വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം (ഷെഡ്യൂൾ I-6, I-14(a)) തൊഴിലുറപ്പ് പദ്ധതിയുടെ റവന്യൂ ചെലവ് 4,19,95,720/- രൂപയാണ്. എന്നാൽ തൊഴിലുറപ്പ് പദ്ധതിയുടെ ലഭ്യമാക്കിയ ചെലവ് പത്രിക പ്രകാരം റവന്യൂ ചെലവ് 4,12,03,860 രൂപയാണ്. വ്യത്യാസത്തിന് കാരണം വ്യക്തമാക്കിയില്ല.

13.ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 20517 രൂപയുടെ ക്ലോസിങ് സ്റ്റോക്ക് ഉണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യമൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല.

13.1സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58, 4(എ)).

14. ബാലൻസ്ഷീറ്റിലും റസീറ്റ് & പേയ്മെന്റ് പത്രികയിലും വരവ്/ചെലവ്/നീക്കിയിരിപ്പുള്ള താഴെ ചേർക്കുന്ന പ്രത്യേകോദ്ദേശ്യ ഗ്രാന്റ് തുകകളിൽ താഴെ പറയുന്ന ഇനങ്ങളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | വിവരണം |
|---|---|---|
| 1 | 320200202 | Fund for Transferred Institutions - Animal Husbandry-Capital |
| 2 | 320200309 | Literacy Scheme Grant |
| 3 | 320200323 | Grant for Keralolsavam |
| 4 | 320800299 | Donations to Flood |
| 5 | 320200315 | Local Area Development Fund for members of Parliament |

15. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-18 പ്രകാരം 460500201-Advance to Implementing Agencies - Deposit with Kerala Water Authority, 460500202-Advance to Implementing Agencies - Deposit with Kerala Electricity Board എന്നീ ശീർഷകങ്ങളിൽ യഥാക്രമം 54,16,614 രൂപ, 21,25,073 രൂപ നീക്കിയിരുപ്പുണ്ട്. മേൽ തുകകളിൽ വികസനഫണ്ട്/(മെയിന്റനൻസ് ഗ്രാന്റ് ഒഴികെ മറ്റ് ഗ്രാന്റുകൾ) മുതലായവയിൽ നിന്നും നല്കിയ തുകകൾ 31/3/2019 ൽ ചെലവഴിക്കാത്തതിനാൽ ആയത് B-4 Grants and contribution for specific purpose എന്ന ഷെഡ്യൂളിൽ അനുയോജ്യമായ ശീർഷകത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

16.എസ്.ബി.ഐ(തനത് ഫണ്ട് - അക്കൗണ്ട് നം. 57063865607) അക്കൗണ്ടിന്റെ 2019 മാർച്ച് മാസത്തെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്കിൽ നിക്ഷേപിച്ചിട്ട് ദീർഘകാലമായിട്ടും ക്യാഷ് ചെയ്യപ്പെടാത്ത താഴെ കൊടുത്തിരിക്കുന്ന ചെക്കുകൾ "Cheques deposited but not credited" ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ തീയതി | ഇൻസ്ട്രുമെന്റ് നമ്പർ | ഇൻസ്ട്രുമെന്റ് തീയതി | തുക |
|---|---|---|---|---|
| 1 | 12/11/2013 | 605625 | 12/11/2013 | 3000 |
| 2 | 12/11/2013 | 605976 | 12/11/2013 | 700 |
| 3 | 26/09/2013 | 603862 | 25/09/2013 | 7300 |
| 4 | 24/04/2014 | 996917 | 31/03/2014 | 2550 |

ബാങ്കുമായി ബന്ധപ്പെട്ട് തുക ക്രെഡിറ്റ് ചെയ്യപ്പെടാതിരുന്നതിന് കാരണം പരിശോധിച്ച് തുടർനടപടി സ്വീകരിക്കേണ്ടതാണ്.

17.അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്റ്റുകളിൽ 31/3/19 വരെ പാർട്ട് ബിൽ നല്കിയതും എന്നാൽ 31/3/2019 ൽ പണിപൂർത്തീകരിക്കാത്തതുമായ പ്രവൃത്തികളുടെ തുക 22,63,025രൂപയാണ്. എന്നാൽ 31/3/2019 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-11(എ) പ്രകാരം 412010101-Capital Work in Progress എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് 26,050 രൂപ മാത്രമാണ്.

18. ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-5 പ്രകാരം 330500101 Secured Loan from banks എന്ന ശീർഷകത്തിൽ (-)3,65,000/- നീക്കിയിരിപ്പ് കാണിച്ചിട്ടുണ്ട്. മുൻവർഷങ്ങളിലെ ബാലൻസ് ഷീറ്റിലും മേൽ സംഖ്യ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ഈ രേഖപ്പെടുത്തൽ ഏത് ലോൺ സംബന്ധിച്ചതാണെന്നും എപ്രകാരമാണ് ബാധ്യതാ ശീർഷകത്തിൽ നെഗറ്റീവ് സംഖ്യ ബാക്കി വന്നതെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി രേഖപ്പെടുത്തലിന്റെ കൃത്യത ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

# 1-12 രസീത് പുസ്തകങ്ങൾ പരിപാലിക്കുന്നതിലെ അപാകതകൾ

1. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ ചട്ടം20 2(സി) പ്രകാരം കയ്യെഴുത്ത് സമ്പ്രദായത്തിൽ നൽകുന്ന രസീതുകൾ മെഷീൻ നമ്പർ നൽകിയവയും ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ച് എഴുതിയവയായിരിക്കണം. അസ്സൽ ആഫീസിൽ സൂക്ഷിക്കേണ്ടതും ഡ്യൂപ്ലിക്കേറ്റ് പണം നൽകിയ ആൾക്ക് നൽകേണ്ടതുമാണ് എന്ന് അനുശാസിക്കുന്നുണ്ട്. എന്നാൽ അസി.എഞ്ചിനീയർക്ക് അനുവദിച്ചതും ഓഡിറ്റിന് ലഭ്യമാക്കിയിട്ടുള്ളതുമായ 35248, 39570 എന്നീ പുസ്തകങ്ങളിൽ ഡബിൾ സൈഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. 35248/46, 48 മുതൽ 57 വരെയുള്ള രസീതുകളുടെ അസ്സൽ രസീത് സൂക്ഷിക്കുന്നതിന് പകരം പകർപ്പാണ് സൂക്ഷിച്ചിട്ടുള്ളത്.

2.2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിങ്ങ് ചട്ടങ്ങൾ ചട്ടം 83 പ്രകാരം (ജി.ഒ.(എം.എസ്.)83/2011/LSGD, 28-3-11) രസീത് ബുക്ക് പൂർണ്ണമായും ഉപയോഗിച്ചു തീരുകയും കൗണ്ടർ ഫോയിൽ തിരിച്ചേൽപ്പിക്കുകയും ചെയ്യാതെ പുതിയ രസീതി ബുക്ക് നൽകാൻ പാടില്ല. ഉപയോഗിക്കാത്ത രസീതുകൾ ക്യാൻസൽ ചെയ്ത് സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3. അസി.എഞ്ചിനീയർക്ക് അനുവദിച്ച രസീതിലെ വിവരങ്ങൾ കളക്ഷൻ റജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ ഓരോ രസീതിലെയും വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്. ഒരാൾ തന്നെ പല പ്രവൃത്തികൾക്കും വിവിധ രസീതുകൾ പ്രകാരം പണമടച്ചിട്ടുണ്ടെങ്കിൽ മൊത്തം തുകയും ഒറ്റ എൻട്രി ആയാണ് രേഖപ്പെടുത്തുന്നത്.

4. താഴെ പറയുന്ന രസീതു പുസ്തകങ്ങളിൽ സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

39575, 39574,35233, 35237, 35242, 35243, 35238, 60499,63002, 35229,35230, 35231,35232,35248,39570 അപാകതകൾ പരിഹരിക്കേണ്ടതും ഭാവിയിൽ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-13 തൊഴിൽ നികുതി- അപാകതകൾ

ഗ്രാമപഞ്ചായത്തിലെ 2018-19 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ, തൊഴിൽ നികുതി സ്റ്റേറ്റ് മെന്റുകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ ചേർക്കുന്നു.

1. ജി.എൽ.പി. കാക്കിനിക്കാട് സ്കൂളിലെ ജീവനക്കാരുടെ 2018-19 രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും / കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയപ്പോൾ ബാധകമായ പിഴപലിശ ഈടാക്കിയില്ല.

| ക്രമനമ്പർ | സ്ഥാപനത്തിന്റെ പേര് | ബാധകമായ അർദ്ധവർഷം | രസീത് നമ്പർ/തീയതി | തുക |
|---|---|---|---|---|
| 1 | എ.എൽ.പി.എസ്. വീരോലിപ്പാടം | ഒന്നാം അർദ്ധവർഷം | 118080500055/30.03.2019 | 11250 |
| 2 | ടികെ ട്രേഡേഴ്സ് | ,, | 118080106652/28.03.2019 | 2010 |
| 3 | ടികെ പോളിമേഴ്സ് | ,, | 118080106651/28.03.2019 | 1950 |

3. അമ്പലപ്പാട് സർവീസ് സഹകരണ ബാങ്ക് പുന്നംപറമ്പ്, പറമ്പായി എന്നീ ശാഖകളുടെ ഒന്നും രണ്ടും അർദ്ധവർഷങ്ങളിലേയും, സ്പിന്നർ എക്സ്ട്രൂഷൻ എന്ന സ്ഥാപനത്തിന്റെ രണ്ടാം അർദ്ധവർഷത്തേയും സ്റ്റേറ്റ് മെന്റുകൾ ലഭിച്ചിട്ടുണ്ടെങ്കിലും രജിസ്റ്ററിൽ ചേർത്തിട്ടില്ല.

4. 2018-19 വർഷത്തെ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 49 സ്ഥാപനങ്ങളുടെ പേരുകളാണ് രേഖപ്പെടുത്തിയിട്ടുള്ളത്. 2017-18 വർഷത്തെ രജിസ്റ്റർ പ്രകാരം 55 സ്ഥാപനങ്ങളുടെ പേരുകൾ ഉണ്ട്. കഴിഞ്ഞവർഷത്തെ രജിസ്റ്ററിൽ ഉൾപ്പെട്ട പല സ്ഥാപനങ്ങളും തൻവർഷം ഒഴിവാക്കപ്പെട്ടതായി കാണുന്നു. കേരള പഞ്ചായത്ത് രാജ് നിയമം 205 ഐ പ്രകാരം ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചു കൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയത് പാലിച്ചിട്ടില്ല എന്ന് കാണുന്നു.

5. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ഡിമാന്റ് നോട്ടീസ് നൽകിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

6. ഒന്നിൽ കൂടുതൽ ജീവനക്കാർക്കുള്ള പല സ്ഥാപനങ്ങൾക്കും പഞ്ചായത്തിൽ നിന്നും ലൈസൻസ് അനുവദിക്കുന്നുണ്ടെങ്കിലും പല സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

എ)ഗോൾഡൻ ഇൻർനാഷണൽ

ബി) പി.വി.ബെഡ് കോ

സി) സൂര്യ ബെഡ് കോ

7. ബി.എസ്.എൻ.എല്ലിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

8. 2018-19 വർഷത്തിൽ പഞ്ചായത്ത് പ്രദേശത്ത് മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിരുന്ന കരാറുകാർ, സ്വന്തമായി പ്രാക്ടീസ് ചെയ്യുന്ന ഡോക്ടർമാർ, അഭിഭാഷകർ തുടങ്ങിയ പ്രൊഫഷണലുകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.01/07.07.2020)

# 1-14 റേഷൻ റീട്ടെയിൽ ഡിപ്പോകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ലൈസൻസ്, തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററുകൾ പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസോ തൊഴിൽ നികുതിയോ ഈടാക്കിയിട്ടില്ല. നിലവിലെ ചട്ടങ്ങൾ പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും തൊഴിൽ നികുതിയും ഒടുക്കേണ്ടതാണ്. റേഷൻ കടകൾ ലൈസൻസില്ലാതെ

പ്രവർത്തിക്കുന്നത് മൂലം ലൈസൻസിനത്തിലും തൊഴിൽ നികുതിയിനത്തിലും വരുമാന നഷ്ടം സംഭവിക്കുന്നു. പഞ്ചായത്ത് പരിധിയിലെ റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീ, തൊഴിൽ നികുതി എന്നിവ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-15 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നത് പരിശോധിക്കേണ്ടതാണ്.

ലൈസൻസ് രജിസ്റ്റർ പ്രകാരം 2018-19 വർഷത്തിൽ 2 ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് മാത്രമാണ് ലൈസൻസ് അനുവദിച്ചിട്ടുള്ളത്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ സ്റ്റാറ്റസ് റിപ്പോർട്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ 09 ഡയറി ഫാമുകളും, 04 ഗോട്ട് ഫാമുകളും, 5 ഇറച്ചിക്കോഴി ഫാമുകളും പ്രവർത്തിക്കുന്നതായി കാണുന്നു. ഇവയിൽ ഭൂരിഭാഗവും ലൈവ് സ്റ്റോക്ക് ലൈസൻസ് എടുക്കാതെയാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.21/14.07.2020) 100 എണ്ണത്തിൽ കൂടുതൽ കോഴികളെ വളർത്തുന്ന പൗൾട്രി ഫാമുകൾ, 5 മൃഗങ്ങളിൽ കൂടുതലുള്ള കന്നുകാലി ഫാം, 20 മൃഗങ്ങളിൽ കൂടുതലുള്ള ആട് ഫാം എന്നിവയ്ക്കാണ് ലൈവ് സ്റ്റോക്ക് ചട്ട പ്രകാരമുള്ള ലൈസൻസ് എടുക്കേണ്ടതെന്നും ഇത്തരത്തിലുള്ള 3 കോഴി ഫാമുകൾ മാത്രമേ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുള്ളൂ എന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ നിയമം അനുശാസിക്കുന്ന തരത്തിലുള്ള ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നുണ്ടെങ്കിൽ അവരിൽ നിന്നും ഫീസ് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-16 ആംബുലൻസ് പരിപാലനത്തിലെ അപാകതകൾ

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ (കെ.എൽ.48.ഇ-1501 മാരുതി ഓംമ്നി) ലോഗ് ബുക്കിൽ ഇന്ധനം നിറച്ച വിവരങ്ങൾ രേഖപ്പെടുത്തുന്നില്ല. 2018-19 വർഷത്തിൽ ബാധകമായ ഇന്ധനക്ഷമത സാക്ഷ്യപത്രം ലോഗ് ബുക്കിൽ ഇല്ല. പഞ്ചായത്തിലെ പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾക്കാണ് വാഹനം പ്രധാനമായും ഉപയോഗിക്കുന്നത്. ഇത് കൂടാതെ പൊതുജനങ്ങളുടെ ആവശ്യങ്ങൾക്കായി വാടക ഈടാക്കിയും സൗജന്യമായും സേവനം ചെയ്യുന്നതായി ലോഗ് ബുക്കിൽ കാണുന്നു. ആംബുലൻസ് ഉപയോഗത്തിനായുള്ള അംഗീകരിക്കപ്പെട്ട നിയമാവലി നിലവിലുണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആംബുലൻസ് വാഹന വാടക ലെഡ്ജർ പരിശോധിച്ചതിൽ വാഹനം വാടകയ്ക്ക് ഉപയോഗിച്ച് ദിവസങ്ങൾക്ക് ശേഷം മാത്രമാണ് വാടക തുക പഞ്ചായത്തിൽ ഒടുക്കി വരുന്നത്. വാഹന ഉപയോഗത്തിന് പൊതുജനങ്ങളിൽ നിന്നും വാടക ഈടാക്കുമ്പോൾ രസീത് നൽകുന്നുണ്ടെങ്കിൽ രസീത് പുസ്തകങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.22/15.07.2020) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-17 കളക്ഷൻ ചാർജ് ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ്

1996 ലെ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വെൽഫെയർ സെസ്സ് നിയമം(സെൻട്രൽ നിയമം) വകുപ്പുകൾ 3(1),(2) എന്നിവ പ്രകാരം പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ ഒരു ശതമാനത്തിൽ കുറയാത്ത തുക ബന്ധപ്പെട്ട വർക്ക് ബില്ലിൽ നിന്നും വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ ഒടുക്കേണ്ടതാണ്. വകുപ്പ് 3(3) അനുസരിച്ച് ഇപ്രകാരം വസൂലാക്കി നൽകുന്ന തുകയുടെ ഒരു ശതമാനം ഇതിന്റെ കളക്ഷൻ ചാർജ് ഇനത്തിൽ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ്. തൻവർഷത്തിൽ, ഇപ്രകാരം ബോർഡിലേക്ക് ആകെ അടവാക്കിയ തുക, ആയതിന്റെ 1% കളക്ഷൻ ചാർജ് ഇനത്തിൽ ഈടാക്കിയിട്ടുണ്ടോ എന്നീ വിവരം ആരാഞ്ഞ് ഓഡിറ്റ് എൻക്വയറി നം.17/14.7.20 നൽകിയതിന് മറുപടിയായി വരും വർഷങ്ങളിൽ നടപടി സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.

# 1-18 ശമ്പള പരിഷ്ക്കരണ കുടിശ്ശിക - പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

2014ലെ ശമ്പള പരിഷ്കരണ കുടിശ്ശികയുടെ മൂന്നും, നാലും ഗഡു ജീവനക്കാർക്ക് 2018-19 വർഷത്തിൽ താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ക്രമ നം. | വൗച്ചർ നം. | തീയതി | തുക |
|---|---|---|---|
| 1 | 21800133 | 10.05.18 | 1,10,817 |
| 2 | 21800134 | 10.05.18 | 17,599 |
| 3 | 21800737 | 11.10.18 | 1,05,422 |
| 4 | 21800740 | 11.10.18 | 23,215 |

എന്നാൽ ടി തുകകൾക്ക് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയിട്ടില്ല. മേൽ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (06/10.7.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-19 സ്ഥാപന സോഫ്റ്റ് വെയർ ഉപയോഗിച്ച് തയ്യാറാക്കിയ ടെർമിനൽ ലീവ് സറണ്ടർ ബിൽ - സോഫ്റ്റ് വെയറിലെ അപാകത പരിഹരിക്കേണ്ടതാണ്.

30.04.2018 ന് സേവനത്തിൽ നിന്ന് വിരമിച്ച ഹെഡ് ക്ലാർക്ക് ശ്രീമതി.ഡെയ്സി.ടി.ടി.ക്ക് 89 ദിവസത്തെ ടെർമിനൽ ലീവ് സറണ്ടർ അനുവദിച്ചതിന്റെ സ്ഥാപന സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ബിൽ പരിശോധിച്ചതിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. (വൗച്ചർ നം.21801166/16-01-2019, തുക-1,19,364/-)

അടിസ്ഥാന ശമ്പളം - 33900

ക്ഷാമബത്ത (14%) = 4746

89 ദിവസത്തെ ടെർമിനൽ ലീവ് സറണ്ടർ തുക – (33900/30*89) =100570

സറണ്ടർ ബിൽ പ്രകാരം ഇതിന് ബാധകമായ ക്ഷാമബത്ത അനുവദിക്കേണ്ടത് 4746/30*89 = 14080 രൂപയാണ്. എന്നാൽ സ.ഉ.(അച്ചടി) നം. 84/2018/ധന തീയതി.07.06.18 പ്രകാരം 01/07/2017 പ്രാബല്യത്തിൽ 14% ൽ നിന്നും 15% ആയി ഉയർത്തിയിട്ടുണ്ട്. ആയത് പ്രകാരം ഒരു മാസത്തെ ക്ഷാമബത്ത എന്നത് 4746/- രൂപയ്ക്ക് പകരം 5085/- രൂപയാണ്. സ്ഥാപന സോഫ്റ്റ് വെയർ പ്രകാരം തയ്യാറാക്കിയ സറണ്ടർ ബില്ലിൽ ക്ഷാമബത്ത തെറ്റായാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

89 ദിവസത്തെ ടെർമിനൽ ലീവ് സറണ്ടർ അനുവദിച്ചപ്പോൾ 15% നിരക്കിൽത്തന്നെയാണ് ക്ഷാമബത്ത അനുവദിച്ചിട്ടുള്ളത് (15086/- രൂപ). സറണ്ടർ ബില്ലിൽ Eligible Amount കോളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകയിൽ ക്ഷാമബത്ത നിരക്ക്15% ന് പകരം 14% ആണ് കാണിച്ചിരിക്കുന്നത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള മറുപടിയായി (ഓഡിറ്റ് അന്വേഷണം നം.04/10-07-2020) സ്ഥാപന സോഫ്റ്റ് വെയറിൽ വന്ന പ്രസ്തുത തെറ്റ് ഐ.കെ.എം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരത്തിലുള്ള അപാകതകൾ അതാത് സമയം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 ലീഗൽ ചാർജ്ജസ്- അഡ്വക്കേറ്റ് ഫീസിൽ നിന്നും ആദായനികുതി കുറവ് ചെയ്തില്ല

പഞ്ചായത്തിന്റെ വിവിധ കേസുകൾക്കായി നിയമസഹായം ലഭ്യമാക്കിയതിനും നിയമോപദേശം ലഭ്യമാക്കുന്നതിനുമായി 2018-19 വർഷത്തിൽ അഡ്വ.സന്തോഷ്.പി.പൊതുവാൾ എന്നയാൾക്ക് വൗച്ചർ നം. 21801285/06-02-2019 പ്രകാരം 39000/- രൂപ ഫീസ് നൽകിയിട്ടുണ്ട്. 1961 ലെ ആദായ നികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ഒരു സാമ്പത്തിക വർഷത്തിലെ 30,000/- രൂപയിൽ അധികമാകുന്ന പ്രൊഫഷണൽ സേവനങ്ങൾക്ക് ടി.ഡി.എസ്. (10%) ഈടാക്കേണ്ടതാണ്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും ആദായനികുതി ടി.ഡി.എസ്. ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.08/10.07.2020) തെക്കുംകര ഗ്രാമപഞ്ചായത്തിൽ നിന്നും നൽകിയത് ഉൾപ്പെടെയുള്ള ഫീസ് 2018-19 സാമ്പത്തിക വർഷത്തെ ആദായനികുതി അസസ്സ്മെന്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി ടിയാൻ അറിയിച്ചിട്ടുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി സ്വീകാര്യമല്ല. ഒരു സാമ്പത്തിക വർഷം ഒരു വ്യക്തിക്ക് ലഭിക്കുന്ന വരുമാനം ആദായനികുതി പത്രികയിൽ ഉൾപ്പെടുത്തുക എന്നത് വ്യക്തിയുടെ ഉത്തരവാദിത്വമാണ് എന്നത് പോലെത്തന്നെ

ആദായനികുതി നിയമം സെക്ഷൻ 194ജെ പ്രകാരം ടി.ഡി.എസ്. ഈടാക്കേണ്ടത് പഞ്ചായത്തിന്റെ ഉത്തരവാദിത്വമാണ്. ഇത് മൂലം പഞ്ചായത്തിൽ നിന്നുള്ള പണം നൽകലുകൾ ആദായനികുതി വകുപ്പിന്റെ ശ്രദ്ധയിൽക്കൊണ്ടുവരുന്നതിനും ബാധകമായ വരുമാനത്തിന് നികുതി അടവാക്കിയിട്ടുണ്ടെന്ന് വകുപ്പിന് ഉറപ്പ് വരുത്തുന്നതിനും സാധിക്കുന്നു. ഭാവിയിൽ മേൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 1-21 പൊതുടാപ്പുകളുടെ വെള്ളക്കരം, തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് എന്നിവ സംബന്ധിച്ച്

വാട്ടർചാർജ്ജ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2018-19 വർഷത്തിൽ 161 പൊതു ടാപ്പുകളുടെ വാട്ടർചാർജ്ജായി ₹8,45,256/- (അക്കൗണ്ട്സ് ശീർഷകം 230110102 Water charges for Street Water Tapലെഡ്ജർ പ്രകാരം) വാട്ടർഅതോറിറ്റിയിലേക്ക്അടവാക്കിയിട്ടുണ്ട്.

തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ്

ഗ്രാമപഞ്ചായത്ത് ഫണ്ടിൽനിന്നും 2018-19 വർഷത്തിൽ തെരുവു വിളക്കുകൾക്ക് വൈദ്യുതി ചാർജ്ജ് ഇനത്തിൽ കെ.എസ്.ഇ.ബി.മുളങ്കുന്നത്ത്കാവ് സെക്ഷനിൽ 12367/- രൂപ, കെ.എസ്.ഇ.ബി. വടക്കാഞ്ചേരി സെക്ഷനിൽ 236426/- രൂപ, കെ.എസ്.ഇ.ബി.പുന്നംപറമ്പ് സെക്ഷനിൽ 1611767/- രൂപ എന്നിങ്ങനെ ആകെ ₹18,60,560/- (അക്കൗണ്ട്സ് ശീർഷകം 230100101 Electricity charges for Street Lights ലെഡ്ജർ പ്രകാരം) കെ.എസ്.ഇ.ബിയിലേക്ക്അടവാക്കിയിട്ടുണ്ട്. 2018-19 വർഷം തെരുവ് വിളക്കുകൾ സ്ഥാപിക്കുന്നതിനും അറ്റകുറ്റപ്പണികൾക്കും സ്ട്രീറ്റ്മെയിൻ സ്ഥാപിക്കുന്നതിനുമായി വിവിധ പദ്ധതികൾ പ്രകാരം 23,44,195/- രൂപ ചെലവഴിച്ചിട്ടുണ്ട്.

ii) പുന്നംപറമ്പ് ഇലക്ട്രിക്കൽ സെക്ഷനിലെ മീറ്റർ ഘടിപ്പിക്കാത്ത തെരുവുവിളക്കുകൾക്ക്, മീറ്ററിംഗ് ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.
i) 1994 ലെ പഞ്ചായത്ത് രാജ് നിയമം 200(2) വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന് പൊതുടാപ്പ് സേവനങ്ങൾ, തെരുവുവിളക്കുകളുടെ സേവനങ്ങൾ എന്നിവ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം സേവന നികുതി ചുമത്താവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഇപ്രകാരമുള്ള സേവനങ്ങൾക്ക് വസ്തുനികുതിയെ ആധാരമാക്കി സേവന ഉപനികുതി ചുമത്താവുന്നതിന് വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത സേവനം ഏർപ്പെടുത്തിയ ഏതെങ്കിലും പ്രദേശത്ത് ഇപ്രകാരം സേവന ഉപനികുതി ചുമത്തുന്നതിനുള്ള സാദ്ധ്യത പരിശോധിക്കാവുന്നതാണ്.
കുടിവെള്ള വിതരണത്തിനായും, തെരുവു വിളക്കുകളുടെ പരിപാലനത്തിനുമായും മേൽ കാണിച്ച പ്രകാരം വൻ തുക അടവാക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേണ്ടതാണ്.
(ഓഡിറ്റ് അന്വേഷണം നം.19/14.07.20)

# 1-22 വിനിയോഗ സാക്ഷ്യപത്രം / പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

സെക്രട്ടറി നിർവ്വഹണ നടത്തിയ താഴെ പറയുന്ന പ്രൊജക്ടുകളിൽ തുക നല്കിയതിന് ലഭിച്ച വിനിയോഗ സാക്ഷ്യപത്രം/ പൂർത്തീകരണ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

| ക്രമ നം | പ്രോജക്ടിന്റെ പേര് | നിർവ്വഹണ ഏജൻസി | വൗച്ചർ നം | തുക (₹) |
|---|---|---|---|---|
| 1 | വയോജനക്ഷേമം-ജില്ലാപഞ്ചായത്തിന് തുക കൈമാറൽ (64/19) | ജില്ലാ പഞ്ചായത്ത് | 21800442/11-07-18 | 50,000 |
| 2 | വിജ്ഞാൻ സാഗർ-ജില്ലാ പഞ്ചായത്തിന് തുക | ജില്ലാ പഞ്ചായത്ത് | 21800443/11-07-18 | 1,00,000 |

| | | | | |
|---|---|---|---|---|
| | കൈമാറൽ (65/19) | | | |
| 3 | ഐ.കെ.എം സേവനത്തിന് നൽകാനുള്ള തുക നൽകൽ (56/19) | ഐ.കെ.എം | 21800445/11-07-18 | 46,200 |
| 4 | ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ - ജില്ലാ പഞ്ചായത്തിന് തുക കൈമാറൽ ൻ58/19) | ജില്ലാ പഞ്ചായത്ത് | 21800444/11-07-18 | 50000 |
| 5 | വിവിധ സ്ഥാപനങ്ങളുടെ വൈദ്യുതീകരണം (272/19) | കെ.എസ്.ഇ.ബി. | 21800417/29-06-18-(4,054/-) 21800441/9-07-18 (37,828/-) 21800619/29-08-18 (7728/-) | 49610 |
| 6 | വാഴാനി കുടിവെള്ള പദ്ധതി - വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ നീട്ടൽ (24/19) | കേരള വാട്ടർ അതോറിറ്റി | 21801644/30-01-19 | 310,000 |
| 7 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ രണ്ടാം ഘട്ടം (287/19) | കെ.എസ്.ഇ.ബി | 21800817/25-10-18 (152613/-) 21800820/30-10-18 (39029/-) 21801030/03-12-18 (6920/-) | 1,98,562 |
| 8 | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (12/19) | കെ.എസ്.ഇ.ബി. | 21800365/29-5-18 (98450/-) | 98,450 |
| 9 | പെരേപ്പാടം അംഗൻവാടി ലൈൻ വലിക്കൽ, ഇലക്ട്രിക് കണക്ഷൻ എടുക്കൽ (314/19) | കെ.എസ്.ഇ.ബി. | 21801552/14-11-18 | 30,232 |

ഇതു സംബന്ധിച്ച് നല്കിയ 14.07.2020 തീയതിയിലെ 20-ാം നമ്പർ എൻക്വയറിക്ക് മറുപടിയായി വിനിയോഗ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കുന്നതിന് കത്ത് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ/പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## 1-23 പരസ്യ ചാർജ്ജ് - ഡിസ്കൗണ്ട് ലഭ്യമാക്കിയില്ല

ജി.ഒ (ആർ.ടി) 01/11ഐ & പി.ആർ.ഡി തീ.04.01.2011, ജി.ഒ (ആർ.ടി)288/14/ഐ & പി.ആർ.ഡി തീ.10.09.2014 -എന്നീ ഉത്തരവുകൾ പ്രകാരം ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ, നേരിട്ടോ സർക്കാർ സ്ഥാപനങ്ങൾ, തദ്ദേശഭരണസ്ഥാപനങ്ങൾ എന്നിവർ വർത്തമാന പത്രങ്ങളിൽ പരസ്യം ചെയ്യുന്നതിന് 15% ഡിസ്കൗണ്ട് അനുവദനീയമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2018-19 വർഷത്തിൽ വിവിധ ആവശ്യങ്ങൾക്കായി പത്രങ്ങളിൽ പരസ്യം നൽകിയതിനുള്ള പരസ്യ ചാർജ് നൽകിയപ്പോൾ ഡിസ്കൗണ്ട് അനുവദിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമനം. | വൗച്ചർ നം./തീയതി | തുക | പത്രം |
|---|---|---|---|
| 1 | 21800605/06.09.18 | 7056 | ദേശാഭിമാനി |
| 2 | 21800615/06.09.18 | 7056 | ദേശാഭിമാനി |
| 3 | 21800958/27.11.18 | 7056 | ദേശാഭിമാനി |
| 4 | 21801106/04.01.19 | 7056 | ദേശാഭിമാനി |
| 5 | 21801210/22.01.19 | 7056 | ദേശാഭിമാനി |
| 6 | 21800355/15.05.18 | 8820 | ദേശാഭിമാനി |
| 7 | 21800418/29.06.18 | 7056 | ദേശാഭിമാനി |
| 8 | 21800855/09.10.18 | 7056 | ദേശാഭിമാനി |
| 9 | 21800865/24.10.18 | 7056 | ദേശാഭിമാനി |
| 10 | 21801533/14.11.18 | 7056 | ദേശാഭിമാനി |
| 11 | 21801609/07.12.18 | 7056 | ദേശാഭിമാനി |
| 12 | 21801561/24.11.18 | 5292 | ദേശാഭിമാനി |
| | ആകെ | 84,672 | |

സർക്കാർ മാർഗ്ഗനിർദ്ദേശ പ്രകാരമുള്ള 15% ഡിസ്കൗണ്ട് അനുവദിച്ചു കിട്ടുന്നതിന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. ടി വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.07/10.07.2020) പ്രസ്തുത ഉത്തരവുകൾ പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകുന്നില്ലെന്നാണ് മറുപടി ലഭിച്ചത്. എന്നാൽ പ്രസ്തുത ഉത്തരവ് പ്രകാരം സർക്കാർ വകുപ്പുകൾ/യൂണിവേഴ്സിറ്റികൾ/സ്വയംഭരണ സ്ഥാപനങ്ങൾ/പൊതുമേഖല സ്ഥാപനങ്ങൾ എന്നിവ നേരിട്ടോ, പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേനയോ നൽകുന്ന പരസ്യങ്ങൾക്ക് ഡിസ്കൗണ്ട് അനുവദിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ മറുപടി അംഗീകരിക്കുന്നില്ല. ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-24 ഐ.സി.ഡി.എസ്. സൂപ്പർവൈസർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ ചെലവുരേഖകൾ ഹാജരാക്കിയില്ല

I] അംഗൻവാടി പോഷകാഹാര വിതരണം (ജനറൽ) -(പ്രോജക്ട് നം.18/2019) – ചെലവുരേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

1) പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്നവർ തുക കൈപ്പറ്റിയതിന്റെ ബില്ലുകൾ, കൈപ്പറ്റുരശീതികൾ, സ്റ്റോക്ക് രജിസ്റ്റർ, അക്വിറ്റൻസുകൾ എന്നിവ ഹാജരാക്കിയില്ല.

| ക്രമ നം | വൗച്ചർ നം. | തുക കൈപ്പറ്റിയവരുടെ പേരുവിവരം | തുക (₹) |
|---|---|---|---|
| 1 | 21800452 / 15-07-2018 | മാവേലി സ്റ്റോർ | 2,99,460-00 |
| 2 | | ചന്ദ്രൻ.കെ.കെ. | 13,080-00 |
| 3 | | സുരേഷ് കുമാർ.കെ.കെ. | 7,282-00 |
| 4 | 21800600/10-08-2018 | മാവേലി സ്റ്റോർ | 2,52,836-00 |
| | | | |

| | | | |
|---|---|---|---|
| 5 | | ചന്ദ്രൻ.കെ.കെ. | 9,578-00 |
| 6 | | സുരേഷ് കുമാർ.കെ.കെ. | 7,212-00 |

2) വൗച്ചർ നം.21800613/13-08-2018 പ്രകാരം അംഗൻവാടി പോഷകാഹാര വിതരണം നടത്തുന്നതിന്, പാചക വാതകം, പച്ചക്കറി എന്നിവയ്ക്കായി അംഗൻവാടി വർക്കർമാർ ചെലവഴിച്ച ₹33,273/- തിരികെ നല്കിയിട്ടുള്ളതാണ്. എന്നാൽ പ്രസ്തുത പണം അംഗൻവാടി വർക്കർമാർ ഏതു കാലയളവിലേയ്ക്കായി ചെലവഴിച്ചതാണെന്ന് വ്യക്തമാക്കുന്ന രേഖകൾ പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ലാത്തതാണ്. രേഖകളുടെ അഭാവത്തിൽ മേൽ ഇനങ്ങളിൽ ചെലവഴിച്ച ₹6,22,721/- ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

II] അംഗൻവാടി പ്രവർത്തകർക്ക് ഹോണറേറിയം (പ്രോജക്ട് നം.179/2019)

'സ്പിൽ ഓവറായ' മേൽ പ്രോജക്ടുപ്രകാരം 2017-18 കാലയളവിലെ അംഗൻവാടി പ്രവർത്തകർക്ക് ഹോണറേറിയമാണ് വിതരണം നടത്തിയിട്ടുള്ളത്. അക്കാലയളവിൽ പ്രവർത്തിച്ച അംഗൻവാടി വർക്കർമാരുടെയും, ഹെൽപ്പർമാരുടെയും ഹാജർ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

# 1-25 ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് എൽ.പി. സ്ക്കൂൾ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകളിലെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല

ഹെഡ്മിസ്ട്രസ്, ഗവൺമെന്റ് എൽ.പി. സ്കൂൾ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രോജക്ടുകളിലെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

1-25-1) <u>പ്രോജക്ട് നമ്പർ:32/2019; പട്ടികജാതി വിദ്യാർത്ഥികൾക്ക് ഫർണീച്ചർ (എസ്.സി.പി)</u>

വൗച്ചർ നമ്പർ : 21801641/29-01-19 തുക: ₹1,44,320/-

വൗച്ചർ നമ്പർ : 21801671/08-03-19 തുക: ₹99,220/-

വൗച്ചർ നമ്പർ : 21801716/23.03.19 തുക: ₹9,020/-

ആകെ പ്രോജക്ട് ചെലവ്: ₹2,52,560/-

1. പ്രോജക്ട് പ്രകാരം, 56 (56 എണ്ണം വീതം മേശ@₹2660/-, കസേര@₹1850/) വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കിയിട്ടുള്ളതാണ്. ആയതിന്റെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
2. ഗുണഭോക്താക്കൾക്ക് ഈകാര്യത്തിനായി പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്നു കാണിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
3. താഴെ പറയുന്ന വിദ്യാർത്ഥികളുടെ ജാതിതെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| വിതരണ രജിസ്റ്ററിലെ ക്രമ നം. | വിദ്യാർത്ഥിയുടെ പേര് | പഠിക്കുന്ന സ്കൂൾ | ക്ലാസ്സ് |
|---|---|---|---|
| ആദ്യ പട്ടിക 1 | ദീപേഷ്.വി.കെ | രേഖകൾ ലഭ്യമല്ല | |
| 2 | ശ്രീരാഗ്.എസ്. | ALPS,വീരോലിപ്പാടം | 4 |
| 3 | ഭാവന | രേഖകൾ ലഭ്യമല്ല | |
| 4 | അഭിജിത്ത്.പി.എ. | രേഖകൾ ലഭ്യമല്ല | |
| 6 | നിരഞ്ജൻ.എം.എസ്. | രേഖകൾ ലഭ്യമല്ല | |
| | | | |

| | | | |
|---|---|---|---|
| 8 | അനന്യ.കെ.എം. | രേഖകൾ ലഭ്യമല്ല | |
| 13 | അനാമിക.വി.എം | രേഖകൾ ലഭ്യമല്ല | |
| 14 | അപ്സര.കെ.വി. | രേഖകൾ ലഭ്യമല്ല | |
| 15 | അശ്വിൻ.എ.വി. | രേഖകൾ ലഭ്യമല്ല | |
| 16 | ശിവാനി.ടി.വി. | രേഖകൾ ലഭ്യമല്ല | |
| 18 | അങ്കിത്ത്.കെ.ആർ. | L.F. UPS, പൂമല | 2 |
| 19 | അയന.കെ.എസ്. | L.F. UPS, പൂമല | 2 |
| 20 | സഞ്ജു ശ്രീ ഹരി | St.PIUS xth UPS, വടക്കാഞ്ചേരി | 6 |
| 21 | വിധു കൃഷ്ണ.ടി.എ. | MNDS, പനങ്ങാട്ടുകര | 2 |
| 22 | കൃഷ്ണ നന്ദന.പി.ജെ. | MNDS, പനങ്ങാട്ടുകര | 3 |
| 23 | അനാമിക.പി.എച്ച്. | MNDS, പനങ്ങാട്ടുകര | 4 |
| 24 | സന്ത.പി.എസ്. | MNDS, പനങ്ങാട്ടുകര | 2 |
| 26 | അഭിനവ്.ടി.കെ. | MNDS, പനങ്ങാട്ടുകര | 2 |
| 27 | അജയ്ഘോഷ് | MNDS, പനങ്ങാട്ടുകര | 1 |
| 28 | അഖിൽകൃഷ്ണ | MNDS, പനങ്ങാട്ടുകര | 3 |
| 29 | ആദർശ്കൃഷ്ണ.ടി.എസ്. | MNDS, പനങ്ങാട്ടുകര | 2 |
| രണ്ടാം പട്ടിക 1 | പ്രണവ്.പി. | രേഖകൾ ലഭ്യമല്ല | |
| 2 | ശ്രീതു | രേഖകൾ ലഭ്യമല്ല | |
| 3 | ശില്പ.എം.എസ്. | രേഖകൾ ലഭ്യമല്ല | |
| 4 | സഞ്ജയ് കൃഷ്ണ | രേഖകൾ ലഭ്യമല്ല | |
| 5 | സായൂജ്.കെ.എസ്. | രേഖകൾ ലഭ്യമല്ല | |
| 6 | സാങ്കേത്.എം.എസ്. | രേഖകൾ ലഭ്യമല്ല | |
| 7 | രിതിൻ.കെ.എം. | രേഖകൾ ലഭ്യമല്ല | |
| 9 | ആദർശ്.കെ.എ. | രേഖകൾ ലഭ്യമല്ല | |
| 10 | അഭിജിത്ത്.പി.ജെ. | രേഖകൾ ലഭ്യമല്ല | |
| 11 | സനഗ്.എം.എസ്. | രേഖകൾ ലഭ്യമല്ല | |
| 14 | അർച്ചന. എം.എസ്. | രേഖകൾ ലഭ്യമല്ല | |
| 15 | പ്രഇുൽ.ടി.ഡി. | രേഖകൾ ലഭ്യമല്ല | |
| 16 | രാജ്കുമാർ.പി. | രേഖകൾ ലഭ്യമല്ല | |
| 17 | നിശൽ പ്രസാദ് | രേഖകൾ ലഭ്യമല്ല | |
| 18 | ദിയ | L.F. UPS, പൂമല | 1 |
| 19 | സതിമോൾ.സി.എസ്. | VNMMGHSS മച്ചാട് | 6 |
| 20 | ശിവാനി.കെ.ഹരിദാസ്. | രേഖകൾ ലഭ്യമല്ല | |
| 21 | ദിൽജിത്ത്.പി.എസ്. | AUPS അമ്പലപ്പാട് | 7 |
| മൂന്നാം ലിസ്റ്റ് 1 | സഞ്ജന. പി.ബി. | രേഖകൾ ലഭ്യമല്ല | |
| 2 | അഖിലേഷ്.കെ.എസ്. | രേഖകൾ ലഭ്യമല്ല | |

രേഖകളുടെ അഭാവത്തിൽ പ്രോജക്ടിൽ ചെലവ് വന്ന ₹2,52,560/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25-2) <u>പ്രോജക്ട് നമ്പർ:33/2019; പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ (എസ്.സി.പി)</u>

വൗച്ചർ നമ്പർ : 21801639/29-01-19 തുക: ₹1,19,380/-

1. 2018-19 വർഷത്തെ സബ്സിഡി മാർഗ്ഗരേഖ 14-02-2018ലെസർക്കാർ ഉത്തരവ്(കൈ)നം.22/2018/തസ്വഭവ പ്രകാരം വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്നതിനുള്ള പ്രോജക്ടുകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശം ഇല്ലാത്തതാണ്.29-01-2019തിയ്യതിയിൽ ചേർന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയോഗത്തിന്റെ 2(8) നമ്പർ തീരുമാനപ്രകാരം, പ്രോജക്ടിന്റെ നടത്തിപ്പിന് കോർഡിനേഷൻ സമിതിയുടെ പ്രത്യേക അനുമതി തേടുന്നതിന് തീരുമാനിച്ചിരുന്നു. ഈ പ്രോജക്ട് ഏറ്റെടുത്തു നടത്തുന്നതിന് ലഭ്യമായ സർക്കാർ ഉത്തരവ് /കോർഡിനേഷൻ സമിതിയുടെ അനുമതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
2. പ്രോജക്ട് പ്രകാരം, 25 വിദ്യാർത്ഥികൾക്ക് (16 എണ്ണം ഹീറോ സൈക്കിൾ ജൻസ് മിഗ്ഗ് റേഞ്ചർ, ബെൽ,ലോക്ക് സഹിതം @₹4750/-,9 എണ്ണം ഹീറോ സൈക്കിൾ ലേഡീസ് വെൽവെറ്റ്, ബൈൽ,ലോക്ക് സഹിതം @₹4820/-) ആനുകൂല്യം നല്കിയിട്ടുള്ളതാണ്. ആയിതിന്റെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
3. ഗുണഭോക്താക്കൾക്ക് ഈകാര്യത്തിനായി പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്നു കാണിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
4. താഴെ പറയുന്ന വിദ്യാർത്ഥികളുടെ ജാതിതെളിയിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

| വിതരണ രജിസ്റ്ററിലെ ക്രമ നം. | വിദ്യാർത്ഥിയുടെ പേര് |
|---|---|
| ആൺകുട്ടികൾ<br>2 | ആദർശ്. എം.ആർ. |
| 7 | അനുരാഗ്.എം.എസ്. |
| 8 | ജിതിൻ.എം.ബി. |
| 11 | ജിബിൻ രാജ്.കെ.ആർ. |
| 15 | സുരേഷ്.പി.എസ്. |
| പെൺകുട്ടികൾ<br>5 | അമൃത.എം.എം. |
| 7 | സനിഗ ഷാജി |
| 9 | അഖില.എം.എ. |

രേഖകളുടെ അഭാവത്തിൽ പ്രോജക്ടിലെ ചെലവ് തുക ₹1,19,380/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25-3) <u>പ്രോജക്ട് നമ്പർ:34/2019; പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ്പ് (എസ്.സി.പി)</u>

വൗച്ചർ നമ്പർ : 21801642/29-01-19 തുക: ₹1,73,600/-

1.പ്രോജക്ട് പ്രകാരം ലാപ്ടോപ്പ് (7എണ്ണം Acer Lap Es1-533 Pqc-4200/4/1/w10 @₹24800/-) വിതരണം ചെയ്ത പി.സി.ക്ലിനിക്ക്, എ.കെ.എം. കോംപ്ലക്സ്, ഓപ്പോസിറ്റ് കാസിനോ ഹോട്ടൽ, ടി.ബി.റോഡ്, കൊക്കാല, തൃശ്ശൂർ എന്ന സ്ഥാപനത്തിന് ടെണ്ടർ അനുവദിച്ച കൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം ഹാജരാക്കിയിട്ടില്ല.

2.പ്രോജക്ട് പ്രകാരം, 7 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നല്കിയിട്ടുള്ളതാണ്. ആയിതിന്റെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

3.ഗുണഭോക്താക്കൾക്ക് ഈകാര്യത്തിനായി പട്ടികജാതി ക്ഷേമ വകുപ്പിൽ നിന്നും ആനുകൂല്യം വിതരണം ചെയ്തിട്ടില്ലെന്നു കാണിക്കുന്ന സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4.ലാപ് ടോപ്പുകളുടെ സ്പെസിഫിക്കേഷൻ പരിശോധിച്ചതിന്റെ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.
രേഖകളുടെ അഭാവത്തിൽ പ്രോജക്ടിൽ ചെലവ് വന്ന ₹1,73,600/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25-4 <u>പ്രോജക്ട് നമ്പർ:37/2019; ക്ലബ്ബുകൾക്ക് സ്പോർട്സ് കിറ്റ് (പൊതുവിഭാഗം സാധാരണ വിഹിതം)</u>

വൗച്ചർ നമ്പർ : 21801640/29-01-19 തുക: ₹16,650/-

1. പ്രോജക്ട് പ്രകാരം, പൈനിയേഴ്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് മങ്കര,ലൈറ്റ്നിംഗ് ക്ലബ്ബ്, മിറാഷ് ആർട്സ് & സ്പോർട്സ് ക്ലബ്ബ് കരുമത്ര, നൂറൽ ഹുദാ കലാ സാംസ്കാരിക സംഘം, യുവൻസ് കല്ലംപാറ ആർട്സ് & സ്പോർട്സ് ക്ലബ്ബ് പനങ്ങാട്ടുകര എന്നീ 5ക്ലബ്ബുകൾക്ക് ആനുകല്യം (ഓരോ സെറ്റ് വീതം,ഫുട്ബോൾ,വോളിബോൾ,ഷട്ടിൽബാറ്റ്, ഷട്ടിൽ കോർക്ക്, ക്രിക്കറ്റ് ബാറ്റ് @₹3330/-) നല്കിയിട്ടുള്ളതാണ്. ആയതിന്റെ ഗുണഭോക്തൃപട്ടിക അംഗീകരിച്ചുകൊണ്ടുള്ള പഞ്ചായത്ത് ഭരണസമിതി തീരുമാനം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

2. ആനുകൂല്യം വിതരണം ചെയ്ത മേൽ പറഞ്ഞ 5ക്ലബ്ബുകളുടെ സാധുവായ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.
രേഖകളുടെ അഭാവത്തിൽ പ്രോജക്ടിൽ ചെലവ് വന്ന ₹ 16,650/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25-5 <u>സ്കൂളുകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ - വിതരണ രേഖകൾ ഹാജരാക്കിയില്ല</u>

പ്രോജക്ട് നമ്പർ:36/2019 സ്കൂളുകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ

വൗച്ചർ നമ്പർ : 21801556/15-11-19 തുക: ₹25,000/-

പ്രോജക്ട് നമ്പർ:282/2019(S.O) സ്കൂളുകൾക്ക് ആനുകാലിക പ്രസിദ്ധീകരണങ്ങൾ

വൗച്ചർ നമ്പർ : 21801554/15-11-19 തുക: ₹50,000/-

മേൽ രണ്ടു പ്രോജക്ടുകളിലും സ്കൂളുകളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങൾ സ്റ്റോക്കിലെടുത്തിന്റെയും വിതരണം നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.
രേഖകളുടെ അഭാവത്തിൽ പ്രോജക്ടിൽ ചെലവ് വന്ന ₹75,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# 1-26 ലൈഫ് പദ്ധതി-പണി പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം - പ്രോജക്ടിനായി ശുചിത്വ മിഷൻ നല്കിയ ഫണ്ട് വിനിയോഗിച്ചു

പ്രൊജക്ട് നമ്പർ – 268/2019
പ്രൊജക്ടിന്റെ പേര് – ലൈഫ് പദ്ധതി-പൂർത്തിയാക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം
നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ
മേൽ പദ്ധതിക്കായി ധനകാര്യ കമ്മീഷൻ ഗ്രാന്റിൽ നിന്നും ₹426720/-യും സംസ്ഥാനാവിഷ്കൃത ഫണ്ട് (ഹെഡ് ഓഫ് അക്കൗണ്ട്:-320300103-Grants,Funds & Contribution for specific purposes-Total Sanitation) ൽ നിന്നും ₹2,56,640/-യും ചെലവഴിച്ചിട്ടുണ്ട്. സംസ്ഥാനാവിഷ്കൃത ഫണ്ട് ഗ്രാമ പഞ്ചായത്തിന്റെ ട്രഷറിയിലുള്ള ടി.എസ്.ബി. അക്കൗണ്ടിലാണ് സൂക്ഷിച്ചിരുന്നത്, ആയതിലെ ഈ കാര്യത്തിനായി വിനിയോഗിച്ച ചെലവിന്റെ വിശദാംശം താഴെ ചേർക്കുന്നു.

| ക്രമ നം. | വൗച്ചർ നം. | ടി.എസ്.ബി. അക്കൗണ്ട് ചെക്ക് നമ്പർ | തുക |
|---|---|---|---|
| 1 | 21800144/09-05-18 | 9824562/10-05-18 | 1,60,000-00 |
| 2 | 21800672/24-09-18 | 171143/25-09-18 | 13,280-00 |
| 3 | 21800818/30-10-18 | 9824926/30-10-18 | 50,000-00 |
| 4 | 21801162/14-01-19 | 1907480/14-01-19 | 33,360-00 |
| ആകെ | | | 2,56,640-00 |

ജില്ലാ ശുചിത്വമിഷനിൽ നിന്നും ലഭ്യമായ ആരോഗ്യ ജാഗ്രത ക്യാമ്പയിൻ ഫണ്ട്, സ്വച്ഛ് ഭാരത് ഗ്രാമീൺ ശുചിത്വ

മിഷൻ നിന്നും ലഭ്യമായ ഹരിത കേരളം ഉറവിട മാലിന്യ സംസ്കരണം, സ്വച്ഛ് ഭാരത് ഗ്രാമീൺ മിഷനിൽ നിന്നും ലഭ്യമായ Performance Based Incentive grant എന്നീ പ്രത്യേക ആവശ്യങ്ങൾക്കായി പഞ്ചായത്തിന് കൈമാറപ്പെട്ട ഫണ്ട് ഭവന നിർമ്മാണ പദ്ധതിക്ക് ഉപയോഗിക്കുവാൻ അംഗീകാരം നൽകുന്ന സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഓഡിറ്റിന് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് 16-07-20202 ന് 32-ാം നമ്പർ ഓഡിറ്റ് എൻക്വയറി നല്കിയിരുന്നതാണ്. എന്നാൽ ആയതിന് മറുപടി അറിയിക്കുകയുണ്ടായില്ല. മറുപടിയുടെ അഭാവത്തിൽ ഈ കാര്യത്തിനായി ചെലവഴിച്ച ₹2,56,640/- ഓഡിറ്റ് തടസ്സത്തിൽ വെയ്ക്കുന്നു.

# 1-27 പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രോജക്റ്റ് നം. 51/19

നിർവ്വഹണോദ്യോഗസ്ഥൻ -വെറ്ററിനറി സർജൻ.

വകയിരുത്തിയ തുക -650000 (വികസന ഫണ്ട്)

650000(ഗുണഭോക്തൃ വിഹിതം)

ആകെ -1300000/-

ചെലവഴിച്ച തുക:-

വൗച്ചർ നം.21801627/07.01.19 - 6,50,000/-

ഒരു ഗുണഭോക്താവിന് 12,500/- രൂപ നിരക്കിൽ 52 കന്നുകുട്ടികളുടെ വിഹിതമായി 6,50,000/-രൂപ എസ്.എൽ.ബി.പി.ക്ക് കൈമാറിയിട്ടുണ്ട്. മേൽ പ്രകാരം 2019 ഫെബ്രുവരി മുതൽ പദ്ധതി ആരംഭിച്ചിട്ടുണ്ട്. പുന്നംപറമ്പ് പാലുല്പാദക സഹകരണ സംഘത്തിന്റെ തീറ്റവിതരണ രജിസ്റ്റർ പരിശോധിച്ചതിൽ അപ്പു എന്ന കുമാരൻ, പഷ്ണത്ത് ഹൗസ് എന്ന ഗുണഭോക്താവ് 2019 ഡിസംബർ മാസം വരെ മാത്രമേ തീറ്റ വാങ്ങിയിട്ടുള്ളൂ. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (09/10.07.2020) പശുക്കുട്ടി ചത്തു പോയതിനാലാണ് തീറ്റ വാങ്ങാതിരുന്നതെന്നും ഇൻഷുറൻസ് ക്ലെയിമിന് അപേക്ഷ നൽകിയിട്ടുണ്ടെന്നും ടി വിവരം എസ്.എൽ.ബി.പി. ഓഫീസിൽ അറിയിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് എസ്.എൽ.ബി.പി യിൽ നിന്നും വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ്.

# 1-28 പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലെ അപാകതകൾ

പൊതുമരാമത്ത് പ്രവൃത്തികളുടെ രൂപീകരണത്തിലും നിർവ്വഹണത്തിലും ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

<u>മോണിറ്ററിങ്ങ് നടത്തുന്നില്ല</u>

ജി.ഒ.(എം.എസ്) 362/2013/തസ്വഭവ/തിയതി 16.11.13ലെ ഖണ്ഡിക 19 പ്രകാരം പ്രൊജക്റ്റ് മോണിറ്ററിങ്ങ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. അതിനായി വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിങ്ങ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതാണ്. മോണിറ്ററിങ്ങ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. പൊതുമരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിങ്ങ് പൊതുമരാമത്ത് (വൈദ്യുതി, ഊർജ്ജം ഉൾപ്പെടെ) എന്ന വർക്കിംഗ് ഗ്രൂപ്പാണ് നിർവ്വഹിക്കേണ്ടത്. എന്നാൽ ഈ രീതിയിലുള്ള മോണിറ്ററിങ്ങ് 2018-19 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ മുഴുവൻ പ്രൊജക്ടുകളുടെയും നിർവ്വഹണത്തിൽ നടന്നിട്ടില്ല. മോണിറ്ററിംഗ് റിപ്പോർട്ട് ഇല്ലാതെയാണ് ബിൽ തുക നല്കിയിരിക്കുന്നത്. സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് മോണിറ്ററിങ്ങ് നടത്തുന്നതിന് വേണ്ട നടപടികൾ തുടർന്നുള്ള വർഷങ്ങളിൽ പഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

<u>പ്രൊജക്ടുകളുടെ ബാഹുല്യം</u>

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അസിസ്റ്റന്റ് എഞ്ചിനീയർ 177 പ്രോജക്ടുകളാണ് ഏറ്റെടുത്തത്. ഈ പ്രോജക്ടുകളുടെ ആകെ അടങ്കൽ 7,00,51,667 രൂപയാണ്. ചെലവഴിച്ചത് 2,90,40,575 രൂപയും. അതായത് 41.46 ശതമാനം മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ഏറ്റെടുത്ത പ്രോജക്ടുകളിൽ 69 എണ്ണം നിർവഹണം നടത്തിയിട്ടില്ല. കൂടുതൽ

പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ പ്രൊജക്ടുകളുടെ ബാഹുല്യം കാരണം ഗുണമേന്മ ഉറപ്പ് വരുത്തുവാൻ പലപ്പോഴും സാധിക്കുകയുമില്ല. ഭൂരിഭാഗം പ്രൊജക്ടുകളും നിർവ്വഹിക്കാൻ കഴിയാതെവരികയും ചെയ്യുന്നു. ഒരു അസി.എഞ്ചിനീയർ, രണ്ട് ഓവർസിയർ ഉൾപ്പെടുന്ന എൽ.എസ്.ജി.ഡി എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മാനുഷിക വിഭവശേഷിയിൽ ഒതുങ്ങി നിൽക്കാത്ത എണ്ണത്തിൽ പ്രോജക്ടുകൾ തയ്യാറാക്കുന്നത് പദ്ധതി നടത്തിപ്പിന്റെ ഗുണമേന്മയെ ഗൗരവമായി ബാധിക്കുന്ന വിഷയമാണ്. അതിനാൽ പ്രോജക്ടുകളുടെ എണ്ണം കുറച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

<u>ടെണ്ടർ ഫോറം വില ലഭ്യമാക്കിയിട്ടില്ല</u>

2018-19 വർഷം ഇ-ടെണ്ടറുകൾ വഴി നടപ്പാക്കിയ മരാമത്ത് പ്രവൃത്തികളിൽ പഞ്ചായത്തിന് അർഹമായ ടെണ്ടർ ഫോറത്തിന്റെ വില എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെ പഞ്ചായത്ത് ഫണ്ടിൽ ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുക പഞ്ചായത്ത് ഫണ്ടിൽ വരവ് വച്ചു എന്ന് ഉറപ്പാക്കേണ്ടതുമാണ്.

<u>പൊതുവായ അപാകതകൾ</u>

മരാമത്തിന്റെ പൂർത്തീകരണ കാലാവധി ടെണ്ടർ ഷെഡ്യൂൾ, കരാർ, എഗ്രിമെന്റ് രജിസ്റ്റർ എന്നിവയിലൊന്നും രേഖപ്പെടുത്തുന്നില്ല. എഗ്രിമെന്റ് രജിസ്റ്ററിലെ മുഴുവൻ കോളങ്ങളും പൂരിപ്പിക്കുന്നില്ല. കരാറുകാരൻ അളവ് ശരിയാണെന്ന് സമ്മതിച്ചതായുള്ള സാക്ഷ്യപത്രം അളവുപുസ്തകത്തിൽ ഇല്ല. വിശദമായ എസ്റ്റിമേറ്റ് റിപ്പോർട്ട് പല ഫയലുകളിലും ഇല്ല. സെക്യൂരിറ്റി ഡെപ്പോസിറ്റ് രജിസ്റ്റർ, ഇഎംഡി രജിസ്റ്റർ, പ്രോജക്ട് രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല. മേൽപ്പറഞ്ഞ മാർഗ്ഗനിർദ്ദേശങ്ങൾ തുടർന്നുള്ള വർഷങ്ങളിൽ പരിഗണിക്കേണ്ടതാണ്.

# 1-29 സ്പിൽ ഓവർ പ്രോജക്ടുകൾ - മാർഗ്ഗരേഖയിലെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല

ഓഡിറ്റ് വർഷത്തെ വാർഷിക പദ്ധതിയിൽ പൊതുമരാമത്ത് മേഖലയിൽ മാത്രം 88 പ്രവൃത്തികൾ സ്പിൽഓവർ ആയി ഉൾപ്പെടുത്തിയവയാണ്. ഇതിൽ 23 പ്രവൃത്തികൾ തൻവർഷവും പൂർത്തീകരിച്ചിട്ടില്ല. സ്പിൽഓവർ പ്രൊജക്ടുകൾ സ്പിൽഓവർ ആയ അതേ വർഷം തന്നെ പൂർത്തീകരിക്കണമെന്ന ജി.ഒ.(എം.എസ്.) 72/ 2017/ത.സ്വ.ഭ.വ, തിയതി- 29-3-2017 നമ്പർ പദ്ധതി മാർഗ്ഗരേഖയിലെ നിർദ്ദേശം ഇവിടെ പാലിക്കപ്പെട്ടിട്ടില്ല. മാത്രമല്ല 57 പൊതുമരാമത്ത് പ്രോജക്ടുകൾ 2019-20 വർഷത്തേക്ക് സ്പിൽഓവറായതായും വ്യക്തമാവുന്നു. പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ലഭ്യമായ ഫണ്ട് ഫലപ്രദമായ രീതിയിൽ വിനിയോഗിക്കാനാവുന്നില്ല എന്ന് കാണുന്നു. സ്പിൽഓവർ പ്രവൃത്തികൾ വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്. ഏറ്റെടുക്കുന്ന പ്രവൃത്തികൾ അതേ വർഷം തന്നെ പൂർത്തിയാക്കാൻ ആവശ്യമായ പ്രായോഗിക ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. ഇത്രയധികം സ്പിൽഓവർ പ്രോജക്ടുകൾ ഉണ്ടായത് ഏങ്ങിനെ എന്ന് ഭരണസമിതി വിശകലനം നടത്തേണ്ടതും ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.29/15.7.20)

# 1-30 ഡെപ്പോസിറ്റ് വർക്ക് - പൂർത്തീകരണരേഖകൾ ഹാജരാക്കിയിട്ടില്ല

2018-19 വർഷം അസി.എഞ്ചിനീയർ നിർവഹണം നടത്തിയ താഴെപ്പറയുന്ന പ്രോജക്ടുകൾ നടപ്പാക്കുന്നതിന് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | നിക്ഷേപ വിവരം |
|---|---|---|---|---|
| 1 | കണ്ടോരൻ കോളനി | 110000 | 55000<br>104/18-19, | കെ.എസ്.ഇ.ബി |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി (341/19)<br>(കുടിവെള്ള പദ്ധതിക്ക് വൈദ്യുതി കണക്ഷൻ എടുക്കുന്നതിന് സ്ട്രീറ്റ് ലൈൻ വലിക്കുന്നതിന്) | | 27.3.19,<br>55000<br>105/18-19,<br>27.3.19, | |
| 2 | വാഴാനി പൈപ്പ് ലൈൻ നീട്ടൽ (236/19) | 645000 | 645000<br>3/18-19,<br>21.5.18 | എക്സി.എഞ്ചിനീയർ, വാട്ടർഅതോറിറ്റി തൃശ്ശൂർ പി.ച്ച്.ഡിവിഷൻ |

പ്രവൃത്തി പൂർത്തീകരിച്ചതായി പറയുന്നവെങ്കിലും പൂർത്തീകരണരേഖകൾ, എഗ്രിമെന്റ്, ഫൈനൽ ബില്ല് എന്നിവ ഹാജരാക്കിയിട്ടില്ല. കെ.എസ്.ഇ.ബി യുമായി കരാറിൽ ഏർപ്പെട്ടതിന്റെ മുദ്രപത്രം ഹാജരാക്കിയെങ്കിലും രേഖകൾ എഴുതി ചേർത്തിട്ടില്ല. പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ മേൽപ്പറഞ്ഞ രേഖകൾ ഹാജരാക്കേണ്ടതാണ്. (എൻക്വയറി നം.10/13.7.20)

## 1-31 തൊഴിലുറപ്പ് പദ്ധതി-ക്വാറി മക്ക് ഉപയോഗിച്ചുള്ള ഫില്ലിംഗിന് അധിക നിരക്ക് നൽകിയത്.

ഗ്രാമപഞ്ചായത്തിൽ സാമ്പത്തിക വർഷത്തിൽ നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളിൽ ഫില്ലിംഗ് വിത്ത് ക്വാറി മക്ക് വിത്ത് ലോക്കൽ മെറ്റീരിയൽ എന്നയിനം പ്രവൃത്തിക്ക് ച.മീറ്ററിന് 1262.79 രൂപ നിരക്കാണ് നൽകി കാണുന്നത്. എന്നാൽ പി.ഡബ്ലിയു.ഡി മാന്വൽ 2013 ഖണ്ഡിക51.2.3 പ്രകാരം മേൽ പ്രവൃത്തിക്ക് DSR നിരക്ക് പ്രകാരം അനുവദിക്കാവുന്ന നിരക്ക് ച.മീറ്ററിന് 891.95 രൂപയാണ്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കുന്ന പൊതു മരാമത്ത് പ്രവൃത്തികളിൽ ഇതേയിനം പ്രവൃത്തിക്ക് 891.95 രൂപ നൽകുമ്പോൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉയർന്ന നിരക്ക് അനുവദിക്കുന്നത് ക്രമപ്രകാരമല്ല. 2018-19 ൽ നടപ്പാക്കിയ മുഴുവൻ പ്രവൃത്തികളിലും ഇപ്രകാരം അധികമായി തുക ചെലവഴിച്ചതായി കാണുന്നു. വിശദ വിവരം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | അളവ് പുസ്തക നം. | ചെയ്ത അളവ് (ച.മീറ്റർ) | നൽകിയ തുക, നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1 | അടങ്ങളം വാർഡിലെ നീർച്ചോലിക്കുന്ന റോഡ് നിർമ്മാണം | 149/18-19 | 39.20 | 49501.37<br>34964.44 | 14537.26 |
| 2 | മണലിത്ര വാർഡിലെ കുണ്ടംകുളം റോഡ് നിർമ്മാണം | 148/18-19 | 36.25 | 45776.14<br>32333.19 | 13442.95 |
| 3 | വാഴാനി വാർഡിലെ കാക്കിനിക്കാട് അയ്യപ്പൻകുട്ടികുന്ന് | 46/18-19 | 6.88 | 8694.31<br>6136.62 | 2557.69 |

| | | | | | |
|---|---|---|---|---|---|
| | ക്ലപ്പ് റോഡ് കോൺക്രീറ്റിംഗ് | | | | |
| 4 | മണലിത്ര കിഴക്കേക്കര വാർഡിലെ പുത്തൂപ്പാടം ഇറച്ചിപ്പുര റോഡ് നിർമ്മാണം | 140/18-19 | 42.20 | 53289.74<br>37640.29 | 15649.45 |
| 5 | കരുമത്ര വാർഡിലെ ഇല്ലത്തുപടി മുതൽ കുടുമ്പാട്ട് കാവ് ക്ഷേത്രം വരെ റോഡ് നിർമ്മാണം | 146/18-19 | 44.371 | 56031.26<br>39576.71 | 16454.55 |
| 6 | കുണ്ടുകാട് വാർഡിലെ അയ്യപ്പസ്വാമി അമ്പലം പൂളച്ചുവട് റോഡ് കോൺക്രീറ്റിംഗ് | 82/18-19 | 44.371 | 56031.26<br>39576.71 | 16454.55 |
| 7 | തെക്കുകര വാർഡിലെ അമ്മണത്ത് അബൂബക്കർപടി റോഡ് നിർമ്മാണം | 123/18-19 | 29.87 | 37719.54<br>26642.55 | 11076.99 |
| 8 | മലാക്ക വാർഡിലെ വിജയൻകുന്ന് റോഡ് നിർമ്മാണം | 152/18-19 | 43.741 | 55235.70<br>39014.78 | 16220.92 |
| 9 | പഴയന്നൂപ്പാടം വാർഡിലെ ആറ്റുപുറം മൺചട്ടി റോഡ് നിർമ്മാണം | 150/18-19 | 25.921 | 32732.78<br>23120.23 | 9612.54 |
| 10 | പഴയന്നൂപ്പാടം വാർഡിലെ വേങ്ങലകുന്ന് ചൊവ്വല്ലൂർവഴി റോഡ് നിർമ്മാണം | 144/18-19 | 25.75 | 32516.84<br>22967.71 | 9549.13 |
| 11 | പനങ്ങാട്ടുകര വാർഡിലെ കാര്യാവിൽ | 145/18-19 | 39.38 | 49729.93<br>35124.99 | 14604.94 |

| | | | | | |
|---|---|---|---|---|---|
| | റോഡ് നിർമ്മാണം | | | | |
| 12 | കുത്തുപാറ വാർഡിലെ കുത്തുപാറ പള്ളി റോഡ് നിർമ്മാണം | 181/18-19 | 36.25 | 45776.14<br>32333.19 | 13442.95 |
| 13 | കരുമത്ര വടക്കേക്കര വാർഡിലെ ഇല്ലത്തുപടി റോഡ് നിർമ്മാണം | 81/18-19 | 5.40 | 6819.07<br>4816.53 | 2002.54 |
| 14 | വാഴാനി വാർഡിലെ കാക്കിനിക്കാട് വടക്കേമുക്ക് റോഡ് നിർമ്മാണം | 80/18-19 | 6.885 | 8694.31<br>6141.07 | 2553.23 |
| 15 | മലാക്ക വാർഡിലെ ഏറാംകുളം സൈഡ് കെട്ടി സംരക്ഷണം | 156/18-19 | 5.625 | 7103.19<br>5017.29 | 2085.97 |
| 16 | വീരോലിപ്പാടം വാർഡിലെ രാമദാസ് റോഡ് നിർമ്മാണം | 130/18-19 | 6.885 | 8694.31<br>6141.07 | 2553.22 |
| | ആകെ | | | | 1,62,798 |

ഇപ്രകാരം കൂടിയ നിരക്കിൽ പ്രവൃത്തി നടപ്പാക്കുന്നതിന് കാരണം തിരക്കി ഓഡിറ്റ് എൻക്വയറി 23/15.7.20 നൽകിയതിന് മറുപടിയായി, തൊഴിലുറപ്പ് പദ്ധതിക്ക് എസ്റ്റിമേറ്റുകൾ ഉണ്ടാക്കാനായി നിർമ്മിച്ച് നൽകിയിട്ടുള്ള Secure എന്ന സോഫ്റ്റ് വെയർ പ്രകാരമാണ് എസ്റ്റിമേറ്റുകൾ ഉണ്ടാക്കുന്നതെന്നും അതിൽ ഇപ്രകാരം കൂടിയ നിരക്കാണെന്നും പറയുന്നു. സോഫ്റ്റ് വെയറിലെ നിരക്കുകൾ രേഖപെടുത്തുന്നതിലുള്ള അപാകത മൂലമാണ് ഇത്തരത്തിൽ സംഭവിക്കുന്നത് എന്നതിനാൽ ഒരേ പ്രവൃത്തി വ്യത്യസ്ത നിരക്കിൽ ചെയ്യുന്നതിലൂടെ സാമ്പത്തിക ബാധ്യത വർദ്ധിക്കുന്നതായി കാണുന്നു. ആയതിനാൽ ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നു.

# 1-32 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു

PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജ് അനുവദിക്കുന്നു. 2018-19 വർഷത്തിൽ നിർവഹിച്ച റോഡ് ടാറിംഗ് പ്രവൃത്തികളുടെ എസ്ററിമേറ്റുകളിൽ ഉൾപ്പെടുത്തിയ ഇനങ്ങളുടെ ഡാറ്റയിൽ 10% OH ഉം 10% CP യും ഉൾപ്പെടുന്നുണ്ട്. 07.05.2014-ലെ ജി.ഒ.(എം.എസ്)നം.74/14/തസ്വഭവ-ഉത്തരവ് പ്രകാരം ഡാറ്റയിൽ ആകെ CP&OH ആയി 15% അനുവദിക്കാനേ വ്യവസ്ഥ പെടുത്തിയിട്ടുള്ളൂ. ആയതിനാൽ LSGD PRICE സോഫ്റ്റ് വെയറിൽ 10% OH ഉം 10% CP ഉം അർഹതപ്പെടുത്തി അനുവദിച്ചുള്ള സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്.

കൂടാതെ PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നു. DSR നിരക്കും, CPWD ഡാറ്റയോ മറ്റ് ഡാറ്റകളോ ഉപയോഗിച്ച് തയ്യാറാക്കുന്ന എസ്റ്റിമേറ്റിൽ 1%

വാട്ടർചാർജ്ജും അതിനുപുറമേ CP&OH ആയി 15% ഉം അനുവദിക്കാനേ പിഡബ്ള്യുഡിമാനുവൽ, മേൽസൂചിപ്പിച്ച സർക്കാർഉത്തരവുകൾ എന്നിവ അനുവദിക്കുന്നുള്ളൂ. എന്നാൽ LSGD PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ ഡാറ്റയിൽ 10% ഓവർഹെഡ് ചാർജ്ജിന് മുകളിലും 10% CP അനുവദിക്കുന്നുണ്ട്. ആയത് അർഹതപ്പെടുത്തി അനുവദിച്ച സർക്കാർ ഉത്തരവ് ഉണ്ടെങ്കിൽ ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.26/15.7.20)

# 1-33 കെട്ടിടനിർമ്മാണ പ്രോജക്ടുകൾ - മാർഗ്ഗരേഖ പാലിക്കുന്നത് സംബന്ധിച്ച്

2018-19 വർഷത്തെ വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ സ.ഉ(കൈ)11/2018/ത.സ്വ.ഭ.വ, 29.1.2018, 2017-18 വർഷത്തെ മാർഗ്ഗരേഖ ജി.ഒ(എം.എസ്)72/2017/ത.സ്വ.ഭ.വ,29.3.2017 എന്നീ ഉത്തരവുകളിൽ കെട്ടിടനിർമ്മാണ പ്രോജക്ടുകൾ എപ്രകാരമായിരിക്കണം നടത്തേണ്ടത്, ആസ്തികളുടെ പരിപാലനത്തിൽ വിവിധ ഗ്രാന്റുകളുടെ ഉപയോഗം എന്നിങ്ങനെയുള്ള കാര്യങ്ങൾ വിശദമായി പ്രതിപാദിക്കുന്നു. കെട്ടിടനിർമ്മാണ പ്രോജക്ടുകളുടെ കാര്യത്തിൽ കെട്ടിടത്തിന്റെ നിർമ്മാണം, അനുബന്ധ സൗകര്യങ്ങളായ ഇലക്ട്രിഫിക്കേഷൻ, പ്ളംബിംഗ് എന്നീ ഘടകങ്ങൾ എല്ലാം ഉൾപ്പെടുത്തി ഒറ്റ പ്രോജക്ട് ആയി വേണം തയ്യാറാക്കേണ്ടത് എന്നു വ്യക്തമാക്കിയിട്ടുണ്ട്.

ഗ്രാന്റുകളുടെ ഉപയോഗം സംബന്ധിച്ച് 72/2017 നമ്പർ മാർഗ്ഗരേഖയിലെ ഖണ്ഡിക 13.8 ൽ പതിനാലാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിന് അടിസ്ഥാന സേവന ഉപപദ്ധതി തയ്യാറാക്കേണ്ടതിനെകുറിച്ചും ഈ പദ്ധതിയിൽ ഗ്രാമപഞ്ചായത്തിന്റെയും ഘടക സ്ഥാപനങ്ങളുടെയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ പരിപാലനം, സംരക്ഷണം എന്നിവയാണ് നടത്തേണ്ടത് എന്നും വ്യക്തമായി പറയുന്നു. എന്നാൽ ധനകാര്യകമ്മീഷൻ ഗ്രാന്റ്, പൊതുവിഭാഗം വികസന ഫണ്ട്, തനത്ഫണ്ട് എന്നിവയെല്ലാം ഇതിനായി ഉപയോഗിച്ചിട്ടുണ്ട്.

ഭൗതികവും സാമ്പത്തികവുമായ പൂർത്തീകരണം ഒരു സാമ്പത്തിക വർഷത്തിനുള്ളിൽ തീർക്കാൻ കഴിയാത്ത, നിർവഹണത്തിന് ഒരു വർഷത്തിലധികം സമയം ആവശ്യമായി വരുന്ന പ്രോജക്ടുകൾ ബഹുവർഷ പ്രോജക്ടായി വേണം കണക്കാക്കേണ്ടത്. ഇത്തരം പ്രോജക്ടിൽ എല്ലാ ഘടകങ്ങളും ഒരുമിച്ച് തയ്യാറാക്കി പരിശോധന നടത്തി സാങ്കേതികാനുമതി വാങ്ങുന്ന സമീപനമാണ് സ്വീകരിക്കേണ്ടത്. അതായത് ഒരു ബഹുവർഷ നിർമ്മാണ പ്രോജക്ടിനോടൊപ്പം വിവിധ വർഷങ്ങളിലായി ചെയ്യാനുദ്ദേശിക്കുന്ന മൊത്തം പ്രവൃത്തിയുടെ വിശദമായ എസ്റ്റിമേറ്റ് ഉണ്ടാകണം. ആയതിന്റെ സാങ്കേതികാനുമതി ആദ്യവർഷം തന്നെ വാങ്ങേണ്ടതാണ്. ഇപ്രകാരം ബഹുവർഷ പ്രോജക്ടായി പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇതിൽ നിന്നും വ്യത്യസ്തമായി ഗ്രാമപഞ്ചായത്ത് ഓഫീസിന്റെ കെട്ടിടനിർമ്മാണ പ്രവർത്തനങ്ങൾ വിവിധ വർഷങ്ങളിൽ വിവിധ പ്രോജക്ടുളായി നടപ്പാക്കികൊണ്ടിരിക്കുന്നതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നടത്തിയ പരിശോധനയിൽ വിവിധ പ്രോജക്ടുകൾ അംഗീകാരം വാങ്ങിയതായി കണ്ടു. എല്ലാം ഒരൊറ്റ കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ടു നിൽക്കുന്നു. വിവിധ വർഷത്തെ പ്രോജക്ടുകൾ പ്രോജക്ട് നമ്പർ, ഗ്രാന്റ്, അടങ്കൽ, ചെലവ് എന്നീ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് തുക | |
|---|---|---|---|---|
| 1 | തെക്കുംകര പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം മൂന്നാം ഘട്ടം (133/18) | 1000000 | 830455 (2017-18) | തനത് ഫണ്ട് |
| | | 1200000 | - | വായ്പ |
| 2 | തെക്കുംകര പഞ്ചായത്ത് ഓഫീസിന് പുതിയ കെട്ടിടം രണ്ടാം ഘട്ടം | 355530 | 298241 | പ്ളാൻ ഫണ്ട് |
| 3 | പഞ്ചായത്ത് ഓഫീസിൽ ടോയ് ലറ്റ് ബ്ലോക്ക് നിർമ്മാണം (252/19) | 1150000 | 853390 (2019-20) | ധനകാര്യകമ്മീഷൻ ഗ്രാന്റ് |
| 4 | പഞ്ചായത്ത് | 236242 | 236242 | പ്ളാൻ ഫണ്ട് |

| | | | | |
|---|---|---|---|---|
| | ബിൽഡിംഗ് കൺസ്ട്രക്ഷൻ ആറാം ഘട്ടം (260/19) | 1153758 | 1094678 | തനത് ഫണ്ട് |
| 5 | പഞ്ചായത്ത് ഓഫീസ് കെട്ടിടനിർമ്മാണം നാലാം ഘട്ടം (248/19) | 1031500 | 1030446 | തനത് ഫണ്ട് |

മാർഗ്ഗരേഖപ്രകാരം കെട്ടിടനിർമ്മാണ പ്രോജക്ടുകൾ നടപ്പാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും മേൽപ്രകാരം വിവിധ പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം. 31/15.7.20)

# 1-34 ഡിമാന്റ് ഡ്രാഫ്റ്റുകൾ അതാത് പ്രൊജക്ട് ഫയലിൽത്തന്നെ സൂക്ഷിക്കുന്നു

വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന്റെ ഭാഗമായി ടെണ്ടർ വിളിക്കുമ്പോൾ ഇ.എം.ഡി ഇനത്തിൽ ലഭ്യമായ ഡിമാന്റ് ഡ്രാഫ്റ്റുകൾ/സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ നിക്ഷേപിക്കാതെ അതാത് പ്രൊജക്ട് ഫയലിൽത്തന്നെ സൂക്ഷിച്ച രീതിയിൽ പരിശോധനയിൽ കാണുകയുണ്ടായി. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങളിലെ ചട്ടം 19(1) പ്രകാരം ഔദ്യോഗിക നിലയിൽ പഞ്ചായത്തിലെ ഏതൊരുദ്യോഗസ്ഥന്റെയും ഉത്തരവാദിത്വത്തിൽ നടന്ന ഏത് പണമിടപാടും യാതൊരു വീഴ്ചയുമില്ലാതെ അക്കൗണ്ടിൽ രേഖപ്പെടുത്തേണ്ടതാണ്. ചട്ടം 20(2)(എ) പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ പഞ്ചായത്തിന് വേണ്ടി ക്യാഷ്, ചെക്ക്, ഡിമാന്റ് ഡ്രാഫ്റ്റ്, ഇൻഡ്യൻ പോസ്റ്റൽ ഓർഡർ അല്ലെങ്കിൽ മറ്റ് മാർഗ്ഗങ്ങൾ മുഖേന പണം സ്വീകരിക്കുമ്പോൾ ഇൻസ്ട്രുമെന്റ് ഏതാണെന്ന് രേഖപ്പെടുത്തി യാതൊരു വീഴ്ചയുമില്ലാതെ രസീതി നൽകേണ്ടതാണ്. ചട്ടം 21(3) പ്രകാരം പഞ്ചായത്തിന് ലഭിച്ച ചെക്ക് /ഡിമാന്റ് ഡ്രാഫ്റ്റ് തുടങ്ങിയവ രേഖപ്പെടുത്തുന്നതിന് ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.
ചട്ട വ്യവസ്ഥകൾ ഇപ്രകാരമാണെങ്കിലും മുകളിൽ പരാമർശിച്ച പ്രകാരം ഇവ പാലിച്ചിട്ടില്ല. അതിനാൽ ഗ്രാമപഞ്ചായത്ത് അക്കൗണ്ടിലേക്ക് ന്യായമായും മുതൽക്കൂട്ടേണ്ട തുക മുതൽക്കൂട്ടിയിട്ടില്ല. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിൽ വരവ് വെയ്ക്കാതെ അതാത് പ്രൊജക്ട് ഫയലിൽത്തന്നെ സൂക്ഷിക്കുന്നതിന് കാരണം അറിയിക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.27/15.7.20)

# 1-35 വിവിധ കുടിവെള്ള പദ്ധതികൾ - ലക്ഷ്യം കൈവരിച്ചിട്ടില്ല

2018-19 വർഷം നടപ്പാക്കിയ വിവിധ കുടിവെള്ള പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ പ്രവൃത്തിപൂർത്തീകരിച്ച് ലക്ഷ്യം കൈവരിക്കുന്നതിന് ആവശ്യമായ എല്ലാ ഇനങ്ങളും എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നു കാണാം. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | കരാറുകാരൻ<br>അളവുപുസ്തകം | വിശദാംശങ്ങൾ |
|---|---|---|---|---|---|
| 1 | മണലിത്ര കുടിവെള്ള പദ്ധതി (263/19) | 50000 | 50000/-<br>59/18-19, 10.10.18 | ജിന്റോ ജോർജ്<br>63/2017 | 1.5 HP മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ |
| 2 | മണലിത്ര കുടിവെള്ള പദ്ധതി (244/19) | 79600 | 70612/-<br>63/18-19, 26.11.18 | ജിന്റോ ജോർജ്<br>75/2017 | കുഴൽ കിണർ ക്ലീൻചെയ്ത് പ്ലാറ്റ് ഫോം കെട്ടി വാട്ടർ |

| | | | | | |
|---|---|---|---|---|---|
| | | | | | ടാങ്ക് സ്ഥാപിക്കൽ |
| 3 | വട്ടായി കുടിവെള്ള പദ്ധതി (262/19) | 125000 | 124601/- 65/18-19, 30.11.18 | ജിന്റോ ജോർജ് 113/2017 | പൈപ്പ് ലൈൻ സ്ഥാപിക്കൽ, മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ |

ഇതിൽ ഒന്നാമത്തെ പ്രോജക്ടിൽ 1.5 HP മോട്ടോർ പമ്പ് സെറ്റ് വാങ്ങി ഫിറ്റ് ചെയ്യലും രണ്ടാമത്തേതിൽ കുഴൽ കിണർ ക്ലീൻ ചെയ്ത് പ്ലാറ്റ് ഫോം കെട്ടി വാട്ടർടാങ്ക് സ്ഥാപിക്കലും ആണ് ഉൾപ്പെടുത്തിയിരിക്കുന്നത്. ചെയ്ത പ്രവൃത്തികൾ മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ, ടാങ്ക് സ്ഥാപിക്കൽ, ഇലക്ട്രിഫിക്കേഷൻ ബോർഡ് സ്ഥാപിക്കൽ എന്നിവയാണ്. ടി പ്രവൃത്തി കറന്റ് കണക്ഷൻ ലഭ്യമാക്കി പ്രവർത്തനം ആരംഭിച്ചുവോ എന്നും കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പര്യാപ്തമായോ എന്നും ആരാഞ്ഞുകൊണ്ട് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭ്യമായില്ല. മൂന്നാമത്തെ പ്രോജക്ടിലും പൈപ്പ് ലൈൻ സ്ഥാപിച്ച് മോട്ടോർ പമ്പ് സെറ്റ് വാങ്ങൽ മാത്രമാണ് ചെയ്തിരിക്കുന്നത്. ടാങ്ക് സ്ഥാപിച്ചിട്ടില്ല. മേൽ പ്രോജക്ടുകളിലൊന്നിലും വൈദ്യുതി കണക്ഷൻ ലഭ്യമാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിന് പദ്ധതി പ്രവർത്തനക്ഷമമാക്കിയിട്ടില്ല.
(ഓഡിറ്റ് എൻക്വയറി നം.11/13.7.20, 16/14.7.20)

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
### [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 3-1 ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
ഇല്ല

# ഭാഗം -4
# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും
## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച്

# സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 21.08.2019 & 22.08.2019 | കെ.എസ്.എ.ടി.എസ്.ആർ (എസ്1) - 1120/19(75)/24.08.2019 |

# 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 3,25,000 | സ്കോളർഷിപ്പ് | 3,24,800 | 200 |
| | | 20,80,000 | ലൈഫ് എസ്.സി.പി | 1,60,000 | 19,20,000 |
| | | 3,00,000 | ക്ഷീര സംഘങ്ങൾക്ക് സബ്സിഡി | 3,00,000 | 0 |
| | | 6,25,000 | സമഗ്ര നെൽകൃഷി വികസനം | 6,25,000 | 0 |
| | | 9,55,500 | ലൈഫ് ജനറൽ | 9,55,500 | 0 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 7,50,000 | ക്ഷീര സംഘങ്ങൾക്ക് സബ്സിഡി | 7,50,000 | 0 |
| | | 5,00,000 | നെൽകൃഷി വികസനം | 5,00,000 | 0 |
| | | 5,33,913 | ലൈഫ് | 5,33,913 | 0 |
| | | 2,00,000 | സ്ട്രീറ്റ് മെയിൻ | 1,98,562 | 1,438 |
| | | 1,50,000 | മുചക്ര വാഹനം | 1,50,000 | 0 |
| | | 81,113 | ആശ്രയ | 81,113 | 0 |
| | | 4,27,500 | സ്കോളർഷിപ്പ് | 3,94,800 | 32,700 |

തൻവർഷം ലഭിച്ച തുകയുടെ വിശദാംശങ്ങൾ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

# 4-3 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാഴാനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (236/19) | 645000 | 645000 | 0 |
| കേരള വാട്ടർ അതോറിറ്റി | വാഴാനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ (24/19) | 310000 | 0 | 310000 |

| | | | | |
|---|---|---|---|---|
| KSEBപുന്നംപറമ്പ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (12/19) | 174345 | 0 | 174345 |
| KSEBപുന്നംപറമ്പ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (12/19) | 205815 | 205815 | 0 |
| KSEBവടക്കാഞ്ചേരി | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (12/19) | 98450 | 0 | 98450 |
| KSEBമുളങ്കുന്നത്തുകാവ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (12/19) | 99120 | 99120 | 0 |
| KSEBപുന്നംപറമ്പ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (287/19) | 69856 | 0 | 69856 |
| KSEBമുളങ്കുന്നത്തുകാവ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (287/19) | 34504 | 0 | 34504 |
| KSEBമുളങ്കുന്നത്തുകാവ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (287/19) | 295640 | 0 | 295640 |
| KSEBമുളങ്കുന്നത്തുകാവ് | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ (287/19) | 198562 | 0 | 198562 |
| KSEBപുന്നംപറമ്പ് | പോസ്റ്റ് ഷിഫ്റ്റിംഗ് (80/19) | 367440 | 367440 | 0 |
| KSEBമുളങ്കുന്നത്തുകാവ് | പോസ്റ്റ് ഷിഫ്റ്റിംഗ് (80/19) | 5314 | 3755 | 1599 |
| KSEBപുന്നംപറമ്പ് | പോസ്റ്റ് ഷിഫ്റ്റിംഗ് (80/19) | 51181 | 0 | 51181 |
| KSEBപുന്നംപറമ്പ് | പോസ്റ്റ് ഷിഫ്റ്റിംഗ് (80/19) | 27551 | 0 | 27551 |
| KSEBപുന്നംപറമ്പ് | പോസ്റ്റ് ഷിഫ്റ്റിംഗ് (80/19) | 65143 | 0 | 65143 |
| KSEBമുളങ്കുന്നത്തുകാവ് | പോസ്റ്റ് ഷിഫ്റ്റിംഗ് (80/19) | 17729 | 0 | 17729 |
| KSEBമുളങ്കുന്നത്തുകാവ് | കണ്ടോരൻ കോളനി | 110000 | 0 | 110000 |

| | | | | |
|---|---|---|---|---|
| | കുടിവെള്ള പദ്ധതി (341/19) | | | |
| എക്സി.എഞ്ചിനീയർ മെക്കാനിക്കൽ ഡിവിഷൻ,മൈനർ ഇറിഗേഷൻ | പേരേപ്പാടം ഡാം (92/19) | 269000 | 0 | 269000 |

ഓഡിറ്റ് വർഷം ഡെപ്പോസിറ്റ് വർക്കിനായി നൽകിയ തുകയുടെ വിവരങ്ങളാണ് മുകളിൽ ചേർത്തത്. ഇവയിൽ 295640, 198562, 55000 എന്നീ തുകകൾ വാർഷികകണക്കിൽ ഡെപ്പോസിറ്റ് ഹെഡിൽ ഉൾപ്പെട്ടിട്ടില്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

# 4-5 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി ഹഡ്കോ ഭവന വായ്പ | | 1691459 | 0 | 872 | 0 | 1690587 |

# 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10,000 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10,000 |

# 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/ തീയതി |
|---|---|---|---|---|
| ഓഡിറ്റ് സമയത്ത് തിരിച്ചടച്ച തുക | 2017-18 ഓഡിറ്റ് എൻക്വയറി | 10,746 | ഉഷ.സി സെക്രട്ടറി | 118080100405/ 23.04.2018 |

# 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ സ്ഥിതി |
|---|---|---|---|---|
| 2014-15 | 2014-15 | 2.1 | തൊഴിൽ നികുതി അപാകത | തൊഴിൽ നികുതി അടവാക്കി അപാകത പരിഹരിച്ചു |
| 2014-15 | 2014-15 | 2.4 | വസ്തു നികുതി ഈടാക്കുന്നത് | വസ്തു നികുതി ഈടാക്കി അപാകത പരിഹരിച്ചു |
| 2015-16 | 2014-15 | 2.5 | തൊഴിൽ നികുതി അപാകത | തൊഴിൽ നികുതി അടവാക്കി അപാകത പരിഹരിച്ചു |

# 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ലഭ്യമല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,44,39,834 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 8,74,75,366 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15,16,551 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24(1) | 6,22,721 | സിനി.കെ.എസ്,ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1-25(1) | 2,52,560 | ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ് |
| 1-25(2) | 1,19,380 | ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ് |
| 1-25(3) | 1,73,600 | ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ് |
| 1-25(4) | 16,650 | ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ് |
| 1-25(5) | 75,000 | ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ് |
| | | |

| | | |
|---|---|---|
| 1-26 | 2,56,640 | ഷൈൻ.എം.ഡി. വി.ഇ.ഒ. |
| ആകെ | 15,16,551 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | സ്ഥിരം മേൽവിലാസം |
|---|---|
| ബിന്ദു.എം.എൻ, ഹെഡ്മിസ്ട്രസ് | ചക്കംപറമ്പിൽ, വെട്ടിക്കാട്ടിരി.പി.ഒ |
| ശ്രീമതി.സിനി.കെ.എസ്, ഐ.സി.ഡി.എസ്. സൂപ്പർവൈസർ | പൊന്നത്ത് ഹൗസ്, കാര പി.ഒ, കൊടുങ്ങല്ലൂർ |
| ഷൈൻ.എം.ഡി. വി.ഇ.ഒ. | ഷൈൻ.എം.ഡി., മാളക്കാരൻ ഹൗസ്, പൊങ്ങണംകാട്, കുറിച്ചിക്കര (പി.ഒ.) |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിന്റെ വിവരം

| ഓഡിറ്റ് വർഷം | റിപ്പോർട്ട് നമ്പർ |
|---|---|
| 1968-69, 70-71, 71-72, 73-74, 74-75, 76-77, 77-78, 81-82, 91-92, 92-93, 93-94, 94-95., 95-96, 96-97 | എൽ.എഫ്.ടി.(എസ്-2) -740/11, 19.07.11/ 21.10.11 |
| 97-98 (വരവ്) | എൽ.എഫ്.ടി.17-1415/01/ 4-6-2002 |
| 97-98 (ചെലവ്) | എൽ.എഫ്.ടി.17-1156/98, 06-03-99 |
| 98-99 | എൽ.എഫ്.ടി.17-1416/01/12-6-12 |
| 99-2000 | എൽ.എഫ്.ടി.17/1414 /01, 08.07.02 |
| 2000-01 | എൽ.എഫ്.ടി.17-1592/ 01, 03.08.02 |
| 2002-03, 03-04, 04-05, 05-06, 06-07, 07-08, 08-09 | എൽ.എഫ്.ടി.പി.1-246/12/29.3.12 |
| 09-10 | എൽ.എഫ്.ടി.(പി1)-106/12/13-8-12 |
| 2010-11 | എൽ.എഫ്.ടി.(പി.1)/101/12, 13-8-12 |
| 2011-12 | എൽ.എഫ്.ടി.പി.5-1984/ 13,13-3-14 |
| 2012-13 | എൽ.എഫ്.ടി.പി.5-1373/14, തീ.4/12/2014/ 12.03.2015 |
| 2013-14 | കെ.എസ്.എ-ടി.എസ്.ആർ.(പി.5)1145/15 തീ.26.10.15/07.11.15 |
| 2014-15 | കെ.എസ്.എ-ടി.എസ്.ആർ.(പി.5) 1121/16 |

| | |
|---|---|
| | തീ.13.07.16/25.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ(പി.5)-1732/16 തീ. 24.10.16 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി.5)1069/2017 തീ.25.07.2017/26.08.17 |
| 2017-18 | കെ.എസ്.എ.ടി.എസ്.ആർ(പി.5)8/2019 തീ.30.01.2019 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ

# അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തെക്കുംകര ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2 ഓഡിറ്റ് സംക്ഷിപ്തം

| - | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | - |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ